02
2025
ജൂലൈ
ബുധൻ
മിഥുനം 18

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.175 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-175 പേജ് 4. വില 2.00 രൂപ




02 മുൻ ഉദ്യോഗസ്ഥനെത്തിയത് മാധ്യമപ്രവർത്തകനെന്ന വ്യാജേന

03 ആധാർ, പാൻ, ക്രെഡിറ്റ് കാർഡ്: ഈ മാറ്റങ്ങൾ ഇന്നു മുതൽ

04 അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം അമ്പത് ലക്ഷത്തിലേക്ക്

# മൽസ്യ സംരക്ഷണത്തിന് ബൃഹത് പദ്ധതി

## വംശനാശഭീഷണി നേരിടുന്ന ഉൾനാടൻ മത്സ്യങ്ങളുടെ പരിപോഷണം

കേരള സംസ്ഥാന ജൈ
വവൈവിധ്യ ബോർഡ്,
കേരള യൂണിവേഴ്സിറ്റി
ഓഫ് ഫിഷറീസ് ആൻഡ്
ഓഷ്യൻ സ്റ്റഡീസ് (കു
ഫോസ്), കേരള സർവ്വക
ലാശാലയിലെ അക്വാട്ടിക്
ബയോളജി &ഫിഷറീസ്,
മത്സ്യവകുപ്പ്, വനംവകു
പ്പ്, ജൈവവൈവിധ്യ പരി
പാലന സമിതി എന്നിവർ
സംയുക്തമായി നടത്തു
ന്ന പദ്ധതിക്കു തുടക്കമാ
യി. കേരളത്തിൽ വംശനാ
ശഭീഷണി നേരിടുന്ന ത
ദ്ദേശീയ ശുദ്ധജല മത്സ്യ
ഇനങ്ങളെ സംരക്ഷി
ക്കാൻ ലക്ഷ്യമിട്ടുള്ള ബൃ
ഹത് പദ്ധതിയാണിത്.

. ഉൾനാടൻ ജല ജൈ
വവൈവിധ്യം സംരക്ഷി
ക്കുക, തദ്ദേശീയർക്ക് വ
രുമാനം ഉണ്ടാക്കുന്നതി
നും മത്സ്യ സംരക്ഷണ
ത്തിനും വേണ്ടിയുള്ള
ഹൈബ്രിഡ് മെക്കാനിസ
മായി കേരളത്തിലെ തെ
രഞ്ഞെടുത്ത കേന്ദ്രങ്ങ
ളിൽ മത്സ്യങ്ങൾക്കായി
പ്രജനന കേന്ദ്രങ്ങൾ സ്ഥാ
പിക്കുക, എന്നിവ വിഭാവ
നം ചെയ്യുന്ന ഈ പദ്ധതി
മത്സ്യകൃഷിക്കും അക്വേറി
യം പരിപാലനത്തിനുമാ
യി തദ്ദേശീയ മത്സ്യ ഇന
ങ്ങളുടെ ഉപയോഗം വർധി
ക്കുന്നതിന് സഹായകമാ
കും. ഈ പദ്ധതിയുടെ
പ്രാരംഭഘട്ടമായി കല്ലട
യാറ്റിൽ നിന്നും ശേഖരിച്ച
ആശ്ചര്യ പരൽ (ദാവ്കിൻ
സിയ എക്സ്ക്ലമാറ്റിയോ)
എന്ന മാതൃമത്സ്യത്തിൽ
നിന്നും ഗുണനിലവാരമു
ള്ള ഹാച്ചറിയിൽ കുഫോ
സ് വളർത്തിയെടുത്ത
2,000 കുഞ്ഞു മത്സ്യങ്ങളെ
28.06.2025 ന് തെന്മല ഡാം
ജംഗ്ഷനിൽ കല്ലടയാറിൽ
നിക്ഷേപിച്ചു.



ഡോ. എൻ. അനിൽകു
മാർ, ചെയർമാൻ, കെ. എ
സ്. ബി. ബി അധ്യക്ഷത വ
ഹിച്ച ചടങ്ങ് ശ്രീ. കെ. ശ
ശിധരൻ, പ്രസിഡന്റ്, തെ
ന്മല ഗ്രാമപഞ്ചായത്ത് ഉദ്
ഘാടനം നിർവഹിച്ചു.

ഡോ. എ. ബിജുകുമാർ,
വൈസ് ചാൻസിലർ, കു
ഫോസ്, മുഖ്യ അതിഥിയാ
യിരുന്ന ചടങ്ങിന് ഡോ. വി
മൽകുമാർ. സി. എസ്.
പ്രിൻസിപ്പൽ സയന്റിഫിക്
ഓഫീസർ, കെ. എസ്. ബി.
ബി. സ്വാഗതവും, ശ്രീ. മ
ഹേഷ്. ഡി, സെക്രട്ടറി,
തെൻമല ഗ്രാമപഞ്ചായ
ത്ത്, നന്ദിയും അറിയിച്ചു.
ശ്രീ. റോഷി അഗസ്റ്റിൻ, ബ
ഹു. ജലവിഭവ വകുപ്പ് മ
ന്ത്രി, സന്ദേശത്തിലൂടെ ടി
ചടങ്ങന് ആശംസ അറിയി
ച്ചു. ഡോ. അൻവർ അലി,
അസിസ്റ്റന്റ് പ്രൊഫസർ,
കുഫോസ്, പദ്ധതി വിശദീ
കരിച്ചു. ശ്രീ. ഹീരാലാൽ
എസ്, വൈൽഡ് ലൈഫ്
വാർഡൻ, ശെന്തുരുണി
വൈൽഡ് ലൈഫ് ഡിവി
ഷൻ, ശ്രീ. അസ്ലം എ.
ആർ, ഫിഷറീസ് എക്സ്റ്റൻ
ഷൻ ഓഫീസർ മത്സ്യഭ
വൻ, കുളത്തുപ്പുഴ, ശ്രീമ
തി. വത്സല ഗോപാലകൃഷ്
ണൻ, സി. ഡി. എസ്. ചെ
യർപേഴ്സൺ എന്നിവർ
ആശംസ അർപ്പിച്ചു.

ഈ പദ്ധതി പൂർത്തിയാ
കുന്നതോടെ കേരളത്തി
ലെ ജലാശയങ്ങളിൽ പ്രാ
ദേശിക ശുദ്ധജല മത്സ്യങ്ങ
ളുടെ സംഖ്യ വർധിപ്പിക്കു
ന്നതാണ്, കേരളത്തിലെ
വംശനാശഭീഷണി നേരിടു
ന്ന മത്സ്യങ്ങൾക്കായി ക്യാ
പ്റ്റീവ് ബ്രീഡിംഗ് പ്രോട്ടോ
ക്കോളുകൾ വികസിപ്പിക്കു
ന്നതിന് സാധിക്കും. ഗോ
ത്ര വിഭാഗക്കാരുൾപ്പെടെ
യുള്ള പ്രാദേശികർക്കും
ഈ പദ്ധതിയിലെ പങ്കാളി
കൾക്കും കൃത്രിമ മത്സ്യപ്ര
ജനനത്തിനായുള്ള നൈ
പുണ്യം ഈ പദ്ധതിയിലൂ
ടെ ലഭ്യമാക്കും, നാടൻ മ
ത്സ്യ സംരക്ഷണത്തിന്റെ
പ്രാധാന്യത്തെക്കുറിച്ച് അ
വബോധം വളർത്തുകയും
കൂടാതെ ബദൽ വരുമാന
അവസരങ്ങളായി വൈവി
ധ്യമാർന്ന മത്സ്യ കൃഷിരീ
തികൾ പ്രോത്സാഹിപ്പിക്കു
ന്നതിനും സഹായിക്കും, ഇ
ത്തരത്തിൽ ജൈവവൈവി
ധ്യ സംരക്ഷണത്തോടൊ
പ്പം സാമ്പത്തികവും സാമൂ
ഹികവുമായ നേട്ടങ്ങളും
ഈ പദ്ധതിയിൽ സമന്വയി
പ്പിച്ചിട്ടുണ്ട്. 2030 ഓടെ കേ
രളത്തെ ഇന്ത്യയിലെ ആദ്യ
ത്തെ ജൈവവൈവിധ്യ
സൌഹൃദസംസ്ഥാനമാ
ക്കിമാറ്റും എന്നുള്ള ബഹു.
കേരള മുഖ്യമന്ത്രിയുടെ പ്ര
ഖ്യാപനം സാക്ഷാത്ക്കരി
ക്കുന്നതിനായി ജൈവവൈ
വിധ്യ ബോർഡ് ദീർഘവീ
ക്ഷണത്തോടെ നടപ്പിലാ
ക്കുന്ന പ്രവർത്തനങ്ങൾക്ക്
ശക്തിപകരുന്ന സുപ്രധാന
സംരംഭമാണിത്. യൂണിവേ
ഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ടെക്നോളജി, തെന്മല യി
ലെ വിദ്യാർത്ഥികളും, ബി.
എം. സി അംഗങ്ങളും, കു
ടുംബശ്രീ പ്രവർത്തകരും,
എം. എൻ. ആർ. ഇ. ജി. എ
സ്, മത്സ്യകർഷകർ, പ്രദേ
ശവാസികൾ, വനംവകുപ്പ്
ഉദ്യോഗസ്ഥരും പങ്കെടു
ത്തു

## കീം 2025 ഫലം പ്രസിദ്ധീകരിച്ചു; എൻജിനിയറിങ് ഒന്നാം റാങ്ക് ജോൺ ഷിനോജിന്

കോഴിക്കോട്: കീം 2025
ഫലം പ്രസിദ്ധീകരിച്ചു.
കോഴിക്കോട് നടന്ന വാർ
ത്താ സമ്മേളനത്തിൽ ഉന്ന
ത വിദ്യാഭ്യാസ മന്ത്രി ഡോ.
ആർ ബിന്ദുവാണ് ഫലം പ്ര
ഖ്യാപിച്ചത്. മുവാറ്റുപുഴ സ്വ
ദേശി ജോൺ ഷിനോജാണ്
എൻജിനിയറിങ് പ്രവേശന
പരീക്ഷയിൽ ഒന്നാം റാങ്ക്
കരസ്ഥമാക്കിയത്.

ചെറായി സ്വദേശി ഹരി
കൃഷ്ണൻ ബൈജു രണ്ടാം
റാങ്കും, കോഴിക്കോട് കാ
ക്കൂർ സ്വദേശി അക്ഷയ് ബി
ജു ബി എൻ മൂന്നാം റാങ്കും
നേടി. തിരൂരങ്ങാടി സ്വദേ
ശി അദിൽ സയാനാണ് നാ
ലാം റാങ്ക്. തിരുവനന്തപുരം
കവഡിയാർ സ്വദേശി ജോ
ഷ്വാ ജേക്കബ് തോമസാണ്
അഞ്ചാം റാങ്ക് നേടിയത്.

കൊല്ലം സ്വദേശി ദിയ രൂ
പ്യ ബി ആർ ആണ് എൻ
ജിനിയറിങ് പ്രവേശന പരീ
ക്ഷയിൽ പെൺകുട്ടികളിൽ
ഏറ്റവും ഉയർന്ന റാങ്ക് നേ
ടിയത്. ബാം?ഗ്ലൂർ സ്വദേശി
അനന്യ രാജീവ് പെൺകു
ട്ടികളിൽ രണ്ടാം റാങ്ക് നേ
ടി.

കാസർകോട് നീലേശ്വരം
സ്വദേശി ഹൃദിൻ എസ് ബി
ജു പട്ടികജാതി വിഭാ?ഗ
ത്തിൽ ഒന്നാം റാങ്ക് കരസ്ഥ
മാക്കി. മുട്ടട സ്വദേശി അ
നന്തകൃഷ്ണൻ ബി രണ്ടാം
റാങ്കിന് അർഹനായി.

കീം ബി ഫാം പ്രവേശന
പരീക്ഷയിൽ ആലപ്പുഴ പ
തിയൂർ സ്വദേശി അനഘ
അനിലാണ് ഒന്നാം സ്ഥാ
നം കരസ്ഥമാക്കിയത്. കോ
ട്ടയം ആർപ്പൂക്കര സ്വദേശി
ഹൃഷികേശ് ആർ ഷേണാ
യി രണ്ടാം റാങ്ക് നേടി. മല
പ്പുറം സ്വദേശി ഫാത്തിമ സ
ഹ്റ, കോഴിക്കോട് ഫറോ
ഖ് സ്വദേശി താജുൽ ഫസാ
രി എം, തിരുവനന്തപുരം
സ്വദേശി അലൻ ക്രിസ്റ്റഫർ
സി ആർ എന്നിവർ യഥാ
ക്രമം മൂന്നും നാലും അ
ഞ്ചും റാങ്കുകൾ കരസ്ഥമാ
ക്കി. ഈ വർഷത്തെ കീം
പരീക്ഷ ഏപ്രിൽ 23 മുതൽ
29 വരെ 138 പരീക്ഷാ കേ
ന്ദ്രങ്ങളിലായാണ് നടന്നത്.

## വിസ്മയ മോഹൻലാൽ വെള്ളിത്തിരയിലേക്ക്




യേശുദാസ് വില്യം

സിനിമാപ്രവേശനത്തിനാ
യി ഒരുവർഷമായി വിസ്മയ
തയ്യാറെടുപ്പിലായിരുന്നോ?
അഭിനയത്തിനു മുന്നോടി
യായി തുടക്കത്തിലെ നായി
ക കഥാപാത്രത്തിനായി
കൊറിയൻ കായിക അഭ്യാ
സമായ തായ്കോണ്ട പരി
ശീലിച്ചിരുന്നുവെന്ന് സിനി
മയുടെ ടൈറ്റിൽ ടെംപ്ലെറ്റു
കൾ നൽകുന്ന സൂചന'.

തിരുവനന്തപുരം. വിസ്മ
യ മോഹൻലാൽ വെള്ളി
ത്തിരയിലേക്ക്.ലോകത്തെ
മ്പാടുമുള്ള മലയാള ചലച്ചി
ത്രാരാധകവൃന്ദത്തെ വിസ്മ
യിപ്പിച്ച വാർത്തയായിരുന്നു
മായയുടെ ചലച്ചിത്രാഭിനയ
ത്രഭിനയ രംഗപ്രവേശം.മോ
ഹൻലാലിന്റെ കലാ ജീവി
തത്തിന്റെ പൂർണ്ണതയും കൂ
ടിയാണ് മായയുടെ അഭിന
യപ്രവേശത്തിന്റെ പ്രഖ്യാപ
നം പുറത്തുവരുമ്പോൾ പൂർ
ത്തിയാകുന്നത്.യവ്വൗനകാ
ലത്തു തുടങ്ങി ഓരോഘട്ട
ങ്ങളിലും പടിപടിയായി വ
ളർന്നുവന്ന മോഹൻലാൽ
സ്വയം കരുത്താർജ്ജിച്ച
പ്പോൾ തന്നെ തിരിച്ചും ചല
ച്ചിത്രമേഖലക്ക് തന്റേതായ
സംഭാവനകൾ നൽകിക്കൊ
ണ്ടേയിരുന്നു.ചലച്ചിത്ര നിർ
മ്മാണം,വിതരണം,സ്റ്റുഡി
യോ,ചലച്ചിത്ര പഠന കേന്ദ്ര
ങ്ങൾ തുടങ്ങി നിരവധിയായ
ആശയങ്ങൾ തുടരുന്നു.ഇൻ
ഡ്യയിലെ സമുന്നതമായ ച
ലച്ചിത്ര പശ്ചാത്തലമുള്ള ത
മിഴ്നാട്ടിലെ ബാലാജി കുടും
ബത്തിൽ നിന്നുള്ള വിവാഹ
ബന്ധം മോഹൻലാലിലെ ക
ലാകാരനെ ഉത്തുംഗതകളി
ലെത്തുന്നതിനു വളക്കൂറായി
മാറിയിട്ടുണ്ട്.മോഹൻലാലി
ന്റെ പത്നി സുചിത്രയുടെ
ആഗ്രഹം പോലെ മകൻ പ്ര
ണവ് അഭിനയരംഗത്തേക്കു
വരികയും ചലച്ചിത്ര പൈതൃ
കം വിജയകരമായി ഉറപ്പിക്കു
കയും ചെയ്തത് മോഹൻ
ലാലിലെ കലാകാരനായ പി
താവിന് സന്തോഷം പകർ
ന്നിരിക്കണം.

വിസ്മയകരമായ പ്രതിഭ
യുടെ മിന്നലാട്ടങ്ങൾ പഠന
കാലത്തും,അല്ലാതെയും നി
രവധിതവണ പുറത്തെടുത്തി
ട്ടുള്ള കുട്ടിയായിരുന്നുമാ
യ.മോഹൻലാലിന്റെയും അ
മ്മ സുചിത്രയുടെയും,ലാലി
ന്റെ അമ്മയുടെയും രൂപസാ
ദൃശ്യം പ്രകടമാക്കിക്കൊ
ണ്ടായിരുന്നു മായയുടെ വ
ളർച്ചയുടെ ഘട്ടങ്ങൾ.മായ
യുടെ അഭിനയത്തുടക്കം
സിനിമാലോകത്തെയും ലാ
ലിന്റെ അടുത്തസുഹൃത്തു
ക്കളെയും,മോഹൻലാലിന്റെ
ലക്ഷോപലക്ഷം ആരാധക
രെയും ആദ്യം ഈ വാർത്ത
ഞെട്ടിച്ചു കളഞ്ഞു.ആശിർ
വ്വാദ് സിനിമാസിന്റെ സോ
ഷ്യൽമീഡിയ പേജിൽ രാ
വിലെ വാർത്തയുടെ മു
ന്നൊരുക്കം തെളിഞ്ഞ
പ്പോൾ തന്നെ മീഡിയയുടെ
നാലാംകണ്ണ് ഇതിലേക്കും
തിരിഞ്ഞു. സിനിമാവൃത്ത
ങ്ങളിൽ പലതരം അഭ്യൂഹ
ങ്ങൾ.മോഹൻലാൽ ഇതിനി
ടയിൽ തലസ്ഥാനത്തിറങ്ങു
കയും ചെയ്തു.രണ്ടു ദിവസ
ത്തേക്കു മോഹൻലാൽ ത
ലസ്ഥാനത്തുണ്ട്.ജിഎസ്സ്ടി
അവാർഡ് വാങ്ങുവാനും,ക്ര
ക്കറ്റ് ലീഗിന്റെ ഷൂട്ടിനുമാണ്
മോഹൻലാലിന്റെ വരവിന്റെ
ഉദ്ദേശ്യം.

ആശിർവ്വാദിന്റെ സോ
ഷ്യൽമീഡിയ പേജിൽ രാ
വിലെ പ്രത്യക്ഷപ്പെട്ട ചിത്ര
വും അഞ്ചുമണിക്കുള്ള വാർ
ത്തക്കായി കാത്തിരിക്കുവാ
നുമുള്ള ആഹ്വാനവും ഉയർ
ത്തിവിട്ട ഊഹാപോഹങ്ങൾ
ചില്ലറയല്ല. ആദ്യത്തെം പോ
സ്റ്റിംഗിൽ പുറത്തു വന്ന ചി
ത്രം കത്തുന്നൊരു വീടാ
ണ്.വലിയ മലകളുടെ മടി
ത്തട്ടൽ കത്തിയമരുന്ന വീ
ട്.ഇതു കാണുമ്പോൾ ആരാ
ധകരും,പ്രേക്ഷകരും എന്തു
വിചാരിക്കും. ദൃശ്യം 3,അല്ല
ലൂസിഫർ 3 എന്നിങ്ങെനെ
പലതരത്തിലായി പ്രചരണ
ങ്ങൾ. ന്നൊൽ എല്ലാവരെ
യും ഞെട്ടിച്ചു കൊണ്ടാണ്
അഞ്ചുമണിക്ക് ആശിർവ്വാദി
ന്റെ പേജിൽ ജൂഡ് ആന്റെ
ണിയുടെ ചിത്രത്തിലൂടെ വി
സ്മയ മോഹൻലാലിന്റെ ച
ലച്ചിത്ര പ്രവേശവും,ചിത്ര
ത്തിന്റെ ടൈറ്റിൽപോസ്റ്ററും
മിന്നിത്തിളങ്ങിയത്. തുടക്കം
എന്നപേരുപോലെ തന്നെ
ആശിർവ്വാദ് സിനിമാസ് എ
ല്ലാവരെയും ഞെട്ടിച്ചു കൊ
ണ്ടുള്ള പ്രഖ്യാപനത്തിന്റെ
മറ്റൊരു തുടക്കമായി അതു
മാറി.

തുടക്കമെന്ന ടൈറ്റിലിലെ
വരികൾക്കിടയിൽ സൂക്ഷി
ച്ചു നോക്കിയാൽ മാർഷ്യൽ
ആർട്സിന്റെ പഞ്ചിംഗിന്റെ
യും,ബ്ലോക്കിംഗിന്റെയും അ
ടയാളങ്ങൾ കാണാം.ഇതൊ
രു സൂചനയാകാം.പ്രണവി
ന്റെ ആദി സിനിമയിൽ ക
ണ്ടതുപോലെ തടസങ്ങൾ
ചാടിക്കടക്കുന്ന ഫ്രഞ്ചു കാ
യികാഭ്യാസമായ പാർക്കർ
പൊർഫോമൻസ് ശ്വാസമട
ക്കി പ്രേക്ഷകർ കണ്ടതാണ്
.കൊറിയൻ മാർഷൽ ആർ
ട്സ് ആയ തായ്കോണ്ടയു
ടെ സൂചനകളിലേക്കാണ്
തുടക്കം എന്ന ടൈറ്റിൽ ശ്ര
ദ്ധിച്ചു നോക്കിയാൽ കാ
ണാം.ഒളിംപിക് അംഗീകാര
മുള്ള കായിക ഇനം കൂടി
യാണിത് 'തായ്കോണ്ട'. ഇ
തു വിരൽ ചൂണ്ടുന്നത് കഴി
ഞ്ഞ കുറച്ചു നാളുകളായി
വിസ്മയ ഈ കൊറിയൻ
കായിക അഭ്യാസം അഭ്യസി
ച്ചിരുന്നുവോ എന്നും സംശ
യിക്കേണ്ടിയിരിക്കുന്നു. ഇതി
നായി കൊറിയ,മലേഷ്യ,ജ
പ്പാൻ തുടങ്ങിയ രാജ്യങ്ങ
ളിൽ പോയിട്ടുണ്ട്.ഇതൊരു
സൂചന മാത്രം.ഇനി വരാനി
രിക്കുന്ന പ്രഖ്യാപനങ്ങൾ
പേരുപോലെ തന്നെ വിസ്
മയങ്ങളുടെ തുടക്കം മാത്ര
മാണ്. ആരാണു വിസ്മയയു
ടെ നായകൻ..? ബോളിവു
ഡ്ഡിൽ നിന്നും ഒരു സൂപ്പർ
യുവതാരം വന്നാലും അത്ഭു
തപ്പെടേണ്ട...

വിവാദങ്ങളുടെയും വിമർ
ശനങ്ങളുടെയും നീരാളിപ്പി
ടുത്തത്തിൽ നിന്നും ആ
ശിർവ്വാദ് സിനിമാസ് ഇനി
യെന്ത് എന്ന ഘട്ടത്തിൽ നി
ന്നാണ് വിസ്മയ മോഹൻ
ലാലിന്റെ സിനിമയുമായി വ
രുന്നത്.അത് മലയാള സിനി
മാവ്യവസായത്തെ തന്നെ
അത്ഭുപ്പെടുത്തുന്ന പ്രോജ
ക്ടായി മാറിയിരിക്കുന്നു.മോ
ഹൻലാലിന് ആന്റെണി ആ
രണെന്നു വ്യക്തമാക്കുന്ന
തീരുമാനം കൂടിയാണ് ഈ
സിനിമ.മോഹൻലാൽ പറ
യാറുള്ളതുപോലെ സഹോ
ദര തുല്യനാണ് ആന്റെണി
പെരുമ്പാവൂർ.

## തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപനമായി

വികസന കുതിപ്പിൽ തെക്കുംഭാഗം ഗ്രാമം. ഇനി
ലോകടൂറിസ്റ്റ് ഭൂപടത്തിൽ ഈ കൊച്ചു ഗ്രാമത്തിന്റെ
നാമം ലിഖിത മായി. അഷ്ട ദ്വീപുകൾ ചേർന്ന പഞ്ചാ
യത്ത് പക്ഷി ജാലങ്ങളുടെ കേന്ദ്രം. ഏറ്റവും രുചി
യേറിയ കായൽ മത്സ്യം കിട്ടുന്ന സ്ഥലം. ഇതിൽ വി
ശിഷ്യ മഞ്ഞ കക്ക, , കൂടാതെ ഏറ്റവും ഗുണമെന്മ
യുള്ള മുരിങ്ങ ഇറച്ചി എന്ന കല്ലുമേൽ കായ കിട്ടുന്ന
സ്ഥലം. പ്രകൃതി അനുഗ്രഹിച്ച പച്ചപ്പ് പ്രദേശം. . രാ
ഷ്ട്രീയ, സാഹിത്യ, കലാ, സാംസ്കാരിക നായകരെ
ലോകത്തിനു നൽകിയ ഗ്രാമം. സമ്പൂർണ ഛഉഎ പ
ഞ്ചായത്ത്. മാലിന്യ മുക്ത പഞ്ചായത്ത്. സാക്ഷരത
യിൽ ഉയർന്ന ഗ്രാമം. അക്രമരഹിത, ശാന്തത നിറ
ഞ്ഞ പ്രദേശം നല്ല ആതിഥേയ ഗ്രാമം.



# ബ്യൂറോക്രസി പതിവ് ഭരണത്തെക്കുറിച്ചു മാത്രമല്ല, പരിവർത്തനത്തെക്കുറിച്ചുമാണ്: ശാരദ മുരളീധരൻ

തിരുവനന്തപുരം: ബ്യൂറോക്രസി പതിവ് ഭരണത്തെക്കുറിച്ചു മാത്രമല്ല, പരിവർത്തനത്തെക്കുറിച്ചുമാണെന്ന് മുൻ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ. ടെക്നോപാർക്ക് കമ്പനിയായ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിൽ 'ഇൻസ്പയേഡ് ടോക്സ്' പരമ്പരയിൽ സംസാരിക്കുകയായിരുന്നു അവർ.

തൻറെ ഔദ്യോഗിക ജീവിതത്തിലെ അനുഭവങ്ങൾ പങ്കുവച്ച് കൊണ്ട് ബ്യൂറോക്രസിക്ക് കൊണ്ടുവരാൻ കഴിയുന്ന മാറ്റങ്ങളെക്കുറിച്ചും വ്യവസ്ഥകൾക്ക് പരിമിതികൾ ഉണ്ടെങ്കിലും അവയെ നിരന്തരം നവീകരിക്കാനുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും അവർ സംസാരിച്ചു. കുടുംബശ്രീയിലെ സ്ത്രീകളായിരുന്നു ആ മിഷൻറെ പിന്നിലെ ഏറ്റവും വലിയ പ്രചോദനം. അവരെ മനസ്സിലാക്കുകയും കേൾക്കുകയും ചെയ്യാനായത് കുടുംബശ്രീയുടെ വിജയത്തിൽ നിർണായകമായെന്ന് ശാരദ മുരളീധരൻ സൂചിപ്പിച്ചു.



ടെക്നോപാർക്കിൽ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ് സംഘടിപ്പിച്ച 'ഇൻസ്പയേഡ് ടോക്സ്' പരമ്പരയിൽ മുൻ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ സംസാരിക്കുന്നു.

നിറത്തിൻറെ പേരിൽ താൻ നേരിട്ട വിവേചനത്തെ മറികടന്ന അനുഭവങ്ങളെക്കുറിച്ച് സംസാരിച്ചു കൊണ്ട് നമ്മൾ എന്താണോ അതിൽ സൗന്ദര്യം കണ്ടെത്തുക എന്നതാണ് പ്രധാനമെന്ന സന്ദേശം അവർ പങ്കുവച്ചു. ചീഫ് സെക്രട്ടറി ആയിരുന്നപ്പോൾ നൃത്തം ചെയ്തതിനെക്കുറിച്ചുള്ള ചോദ്യത്തിന്, നൃത്തം സ്വാതന്ത്ര്യത്തിൻറെയും സന്തോഷത്തിൻറെയും ആവിഷ്കാരമാണെന്നും ജോലിയിൽ സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് ആത്മവിശ്വസമുണ്ടാകേണ്ടതിനെക്കുറിച്ചും അതിൻറെ പ്രാധാന്യത്തെക്കുറിച്ചും ശാരദ മുരളീധരൻ പറഞ്ഞു.

നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ, മിനിസ്ട്രി ഓഫ് പഞ്ചായത്തിരാജ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്നിവിടങ്ങളിലെ തൻറെ ഔദ്യോഗിക അനുഭവങ്ങളെക്കുറിച്ചും അവർ സംസാരിച്ചു.

2008 ൽ സ്ഥാപിതമായ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ്, ലോകത്തിലെ പല മികച്ച ബ്രാൻഡുകൾക്കും എഐ അടിസ്ഥാനപ്പെടുത്തിയുള്ള നവീന സേവനങ്ങൾ ലഭ്യമാക്കുന്ന ഡിജിറ്റൽ എഞ്ചിനീയറിംഗ് കമ്പനിയാണ്.

## സൂംബയുമായി സർക്കാർ മുന്നോട്ട് പോകണം: വെള്ളാപ്പള്ളി നടേശൻ

ആലപ്പുഴ: സൂംബയെ എസ്എൻഡിപി പൂർണമായും പിന്തുണയ്ക്കുന്നുവെന്ന് വെള്ളാപ്പള്ളി നടേശൻ. മുസ്ലീം സമുദായത്തിലെ ഒരു വിഭാഗം നേതൃത്വം ഇതിനെ എതിർക്കുന്നു. ഈ നിലപാട് ശരിയല്ല. വെറുതെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്നും ഇത് മതവികാരം വൃണപ്പെടുത്താനുള്ള ശ്രമമാണെന്നും അദ്ദേഹം പറഞ്ഞു.

ഈ ശ്രമങ്ങളിൽ നിന്ന് ബന്ധപ്പെട്ടവർ പിന്മാറണം. സൂംബയുമായി സർക്കാർ മുന്നോട്ട് പോകണം. മത രാജ്യമോ മത സംസ്ഥാനമോ സൃഷ്ടിക്കാൻ ശ്രമമെന്ന് ആരെങ്കിലും പറഞ്ഞാൽ തെറ്റ് പറയാൻ കഴിയില്ലെന്നും വെള്ളാപ്പള്ളി വിമർശിച്ചു. നിലമ്പൂർ സീറ്റ് യുഡിഎഫിൻറേതാണ്. അവർ ജയിച്ചു. അത് അംഗീകരിക്കണം. എൽഡിഎഫ് തോറ്റു എന്ന് പറയാനാവില്ല. നല്ല വോട്ട് നേടി. ലീഗും കോൺഗ്രസും ഒരുമിച്ച് നിന്നു.

അൻവറിന്റെ ശക്തി തിരിച്ചറിഞ്ഞു. ജനങ്ങളെ കൂടെ നിർത്താൻ അൻവറിന് കഴിഞ്ഞു. അൻവർ നേടിയ വോട്ടുകൾ ചെറുതായി കാണാൻ ആവില്ല. അൻവർ പാർട്ടിക്ക് വിധേയമായാൽ എടുക്കാമെന്ന കോൺഗ്രസ് നിലപാട് മികച്ചതാണ്. നിലമ്പൂർ നിയമസഭ തെരഞ്ഞെടുപ്പിന്റെ വിലയിരുത്തലല്ലെന്നും വെള്ളാപ്പള്ളി നടേശൻ പറഞ്ഞു.

## ബസ് സ്റ്റേഷനുകളിൽ യൂണിയനുകളുടെ കൊടി തോരണങ്ങൾ കെട്ടുന്നത് നിർത്തണമെന്ന് ഗതാഗതമന്ത്രി

കൊല്ലം: ബസ് സ്റ്റേഷനുകളിൽ യൂണിയനുകളുടെ കൊടി തോരണങ്ങൾ കെട്ടുന്നത് നിർത്തണമെന്ന് ഗതാഗതമന്ത്രി കെ. ബി. ഗണേഷ്കുമാർ. നാട്ടുകാരെ ഉപദ്രവിക്കുന്ന തരത്തിലുള്ള തോരണങ്ങൾ അഴിച്ചുമാറ്റണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

പത്തനാപുരം ഡിപ്പോയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. തോരണങ്ങളും കൊടിയും ഇനിയും സ്ഥാപിച്ചാൽ ഫൈൻ ഈടാക്കുമെന്നും മന്ത്രി മുന്നറിയിപ്പ് നൽകി.

ഒരിടത്തുനിന്ന് വൃത്തിയാക്കി കൊണ്ടുവരുമ്പോൾ കുറെ പേർ അതിനെ നശിപ്പിക്കാൻ ശ്രമിക്കുക്കുകയാണ്. റഫറണ്ടത്തിൽ ആർക്ക് വോട്ട് ചെയ്യണമെന്ന് ജീവനക്കാർക്ക് അറിയാം. അതിനു പ്രത്യേക ബോർഡിന്റെയോ തോരണത്തിന്റെയോ ആവശ്യമില്ലെന്നും മന്ത്രി വ്യക്തമാക്കി.

## ആരോഗ്യമേഖലയിലെ പ്രതിസന്ധി ഇടതുസർക്കാരിന്റെ ഭരണ തകർച്ചയുടെ നേർചിത്രമെന്ന് സണ്ണി ജോസഫ്

തിരുവനന്തപുരം: സംസ്ഥാനത്തെ ഇടതുസർക്കാരിന്റെ ഭരണ തകർച്ചയുടെ നേർചിത്രമാണ് തിരുവനന്തപുരം മെഡിക്കൽ കോളജിലെ യുറോളജി വിഭാഗം മേധാവി ഡോ. ഹാരിസ് ഹസന്റെ വെളിപ്പെടുത്തലെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. ഉപകരണങ്ങളില്ലാതെ ശസ്ത്രക്രിയ മുടങ്ങുന്ന സ്ഥിതി ഒരു സർക്കാർ ആശുപത്രിയിലെ മാത്രം കാര്യമല്ല. എല്ലാ മെഡിക്കൽ കോളജുകളുടെയും ജില്ലാ, താലൂക്ക്, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും സ്ഥിതിയും വളരെ പരിതാപകരമാണ്.

മരുന്നു ക്ഷാമവും ജനത്തെ വലയ്ക്കുന്നു. സർക്കാരിന്റെ കെടുകാര്യസ്ഥതയാണ് അവശ്യസർവീസുകളെ ബാധിച്ചിരിക്കുന്നത്. ജനങ്ങളിൽ പിരിച്ചെടുക്കുന്ന നികുതിപ്പണം ആർഭാടത്തിനും ധൂർത്തിനും മുഖ്യമന്ത്രിയും മന്ത്രിമാരും ചെവഴിക്കുന്നത് കൊണ്ടാണ് ആരോഗ്യവകുപ്പ് ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകളെല്ലാം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോയത്.

വിവിധ വകുപ്പുകളിലേക്കുള്ള സർക്കാർ വിഹിതം വെട്ടിക്കുറയ്ക്കുയോ സാമ്പത്തിക സഹായം നൽകാത്തതോ കൊണ്ട് എല്ലാ മേഖലയിലും പ്രതിസന്ധി നേരിടുകയാണെന്നും സണ്ണി ജോസഫ് കൂട്ടിച്ചേർത്തു.

## ഓടിക്കൊണ്ടിരുന്ന ആംബുലൻസിൽ നിന്ന് രോഗി തെറിച്ച് റോഡിൽ വീണു

ചെന്നൈ: തമിഴ്നാട്ടിൽ ഓടിക്കൊണ്ടിരുന്ന ആംബുലൻസിൽ നിന്ന് രോഗി തെറിച്ച് റോഡിൽ വീണു. നീലഗിരി കുനൂരിലാണ് അപകടമുണ്ടായത്.

ആംബുലൻസ് സ്പീഡ് ബംപിൽ കയറിയിറങ്ങിയപ്പോൾ പുറകുവശത്തെ ഡോർ തുറന്ന് പോകുകയും സ്ട്രച്ചറിലുണ്ടായിരുന്ന രോഗി റോഡിലേക്ക് വീഴുകയുമായിരുന്നു. വീഴ്ചയിൽ തലയ്ക്ക് ക്ഷതമേറ്റ രോഗിയെ അടുത്തുള്ള സർക്കാർ ആശുപത്രിയിലേക്ക് മാറ്റി. ജില്ലയിലെ സ്വകാര്യ ആംബുലൻസുകളിൽ വിശദമായ പരിശോധന നടത്താൻ നീലഗിരി കളക്ടർ നിർദ്ദേശിച്ചു.

## അലംഭാവത്തിന്റെ കേന്ദ്രമായി സർക്കാർ മെഡിക്കൽ കോളജുകൾ മാറിയെന്ന് കെ. സി. വേണുഗോപാൽ

ആലപ്പുഴ: അലംഭാവത്തിന്റെയും കെടുകാര്യസ്ഥതയുടെയും കേന്ദ്രമായി സർക്കാർ മെഡിക്കൽ കോളജുകൾ മാറിയെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ എംപി.

സർക്കാർ മെഡിക്കൽ കോളജുകളിലെ സ്ഥലം മാറ്റത്തിൽ സുതാര്യതയില്ല. ഒഴിവുകൾ നികത്തുന്നില്ലെന്നും അദ്ദേഹം ആലപ്പുഴയിൽ പറഞ്ഞു. കേരളത്തിലെ ആരോഗ്യമേഖലയിലെ ദയനീയമായ അവസ്ഥയാണ് ഇത്. പൊതുജന ആരോഗ്യത്തെ സർക്കാർ തകർച്ചയിലേക്ക് നയിക്കുന്നുവെന്നും ഒരു ഡോക്ടർ ഗത്യന്തരമില്ലാതെയാണ് അത് പറഞ്ഞതെന്നും വേണുഗോപാൽ പറഞ്ഞു.

## തൃശൂർ കുതിരാനിൽ ലോറി ബൈക്കിലിടിച്ച് അപകടം; രണ്ട് പേർ മരിച്ചു

തൃശൂർ: കുതിരാനിൽ ലോറി ബൈക്കിലിടിച്ച് രണ്ട് പേർ മരിച്ചു. കുതിരാനിൽ വഴുക്കുംപാറ പാലത്തിന് മുകളിൽ ബൈക്കിന് പിന്നിൽ പാൽ വണ്ടിയിടിച്ചായിരുന്നു അപകടം.

പാലക്കാട് നിന്നും തൃശൂരിലേക്ക് വരുന്ന ട്രക്കാണ് അപകടത്തിൽപ്പെട്ടത്. ബൈക്ക് യാത്രികരായ യുവാവും യുവതിയുമാണ് മരിച്ചത്. മരിച്ചവരെ തിരിച്ചറിഞ്ഞിട്ടില്ല.

## അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം അമ്പത് ലക്ഷത്തിലേക്ക്: കുടുംബശ്രീ '50 പ്ളസ്' സംസ്ഥാനതല ക്യാമ്പയിന് തുടക്കം

തിരുവനന്തപുരം: സംഘടനാ ശാക്തീകരണം ലക്ഷ്യമിട്ട് അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം അമ്പത് ലക്ഷത്തിലെത്തിക്കുന്നതിനുള്ള കുടുംബശ്രീയുടെ '50 പ്ളസ്' ക്യാമ്പയിന് സംസ്ഥാനത്ത് തുടക്കമായി. ആഗസ്റ്റ് 30 വരെ സംഘടിപ്പിക്കുന്ന ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ അയൽക്കൂട്ടങ്ങളിൽ അംഗത്വമില്ലാത്തവരെ കണ്ടെത്തി അവരെ അയൽക്കൂട്ടങ്ങളുടെ ഭാഗമാക്കും.

ഭിന്നശേഷിക്കാർ, ട്രാൻസ് ജെൻഡർ, വയോജനങ്ങൾ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങളും രൂപീകരിക്കും. കൊഴിഞ്ഞുപോയ അയൽക്കൂട്ട അംഗങ്ങളെ തിരികെ അയൽക്കൂട്ട സംവിധാനത്തിൽ എത്തിക്കും. ഇതുമായി ബന്ധപ്പെട്ട് സി.ഡി.എസിലും എ.ഡി.എസിലും ജില്ലാതലത്തിലും മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ചു.

നിലവിൽ 48 ലക്ഷം അംഗങ്ങളാണ് കുടുംബശ്രീയിലുള്ളത്. ക്യാമ്പയിൻ വഴി കുറഞ്ഞത് അഞ്ചു ലക്ഷം വനിതകളെങ്കിലും പുതുതായി അയൽക്കൂട്ട സംവിധാനത്തിലേക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശം, ട്രൈബൽ, ഭാഷാ ന്യൂനപക്ഷമായ കന്നഡ മേഖലകൾ, അയൽക്കൂട്ടങ്ങൾ കുറവുള്ള സി.ഡി.എസുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് നടപ്പാക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഇതിന് സഹായകമാകും. കന്നഡ മെന്റർമാർ, ട്രൈബൽ അനിമേറ്റർമാർ, ട്രൈബൽ സ്പെഷ്യൽ പ്രോജക്ട് കോർഡിനേറ്റർമാർ, കോസ്റ്റൽ വൊളണ്ടിയർമാർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തും.

ക്യാമ്പയിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഓരോ സി.ഡി.എസിലും പ്രവർത്തനം നിലച്ചു പോയ അയൽക്കൂട്ടങ്ങളുടെ പട്ടിക തയ്യാറാക്കും. തുടർന്ന് കുടുംബശ്രീ എ.ഡി.എസുകളുടെ നേതൃത്വത്തിൽ ഇവയെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. പുതിയ അയൽക്കൂട്ട രൂപീകരണവുമായി ബന്ധപ്പെട്ട് ഓരോ സി.ഡി.എസ് പരിധിയിലുമുള്ള ആകെ കുടുംബങ്ങളുടെയും അയൽക്കൂട്ടാംഗങ്ങളുടെയും കണക്കെടുപ്പ് നടത്തിയ ശേഷമായിരിക്കും പ്രവർത്തനങ്ങൾ.

പുതുതായി ആരംഭിക്കുന്ന എല്ലാ അയൽക്കൂട്ടങ്ങൾക്കും കുടുംബശ്രീ കാസ് ടീമിന്റെ നേതൃത്വത്തിൽ കണക്കെഴുത്ത് പരിശീലനവും നൽകും. കൂടാതെ സി.ഡി.എസ് അധ്യക്ഷമാർക്ക് കുടുംബശ്രീ നേരിട്ടും പരിശീലനം നൽകും. ബ്ലോക്ക്തല ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള ചുമതല ബ്ളോക്ക് കോർഡിനേറ്റർക്കായിരിക്കും.

ക്യാമ്പയിന്റെ ഭാഗമായി ജൂൺ 25ന് മുമ്പ് ജില്ലാതല ആലോചനാ യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. സി.ഡി.എസുകൾക്കുള്ള പരിശീലനവും പൂർത്തിയാക്കി. ജൂലൈ 25-നകം ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് തീരുമാനം.

അതിദാരിദ്ര്യ നിർമാർജന പരിപാടികൾ, മാലിന്യ നിർമാർജനം, ലഹരിവിരുദ്ധ ക്യാമ്പയിൻ, ഡിജിറ്റൽ സാക്ഷരതാ പ്രവർത്തനങ്ങൾ, ദുരന്തനിവാരണം പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ ക്യാമ്പയിനുകളിലും ബോധവൽക്കരണ പരിപാടികളിലും കുടുംബശ്രീയുടെ പങ്കാളിത്തം മുഖ്യമാണ്. അയൽക്കൂട്ട അംഗങ്ങളുടെ സജീവ പങ്കാളിത്തം ഈ പരിപാടികൾ വിജയിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സാക്ഷരതാ മിഷൻ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടത്തുന്ന ഏഴാം തരം തുല്യത, പത്താംതരം തുല്യത, ഹയർ സെക്കന്ററി തുല്യതാ കോഴ്സുകളിലേക്കും സർട്ടിഫിക്കറ്റ് കോഴ്സുകളായ പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛി ഹിന്ദി കോഴ്സുകളിലേക്കും അക്ഷരശ്രീ പദ്ധതി വഴി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ താമസിക്കുന്നവർക്ക് അപേക്ഷിക്കാം.

പത്താംതരം തുല്യതാ കോഴ്സ് പാസാകുന്നവർക്ക് എസ്.എസ്.എൽ.സി പാസാകുന്നവരെ പോലെ ഉന്നതപഠനത്തിനും പ്രൊമോഷനും, പി.എസ്.സി നിയമനത്തിനും അർഹതയുണ്ട്. ഏഴാംതരം തുല്യത/സ്കൂൾ തലത്തിലെ ഏഴാം ക്ലാസ് പാസായ 2025 മാർച്ച് 1 ന് 17 വയസ് പൂർത്തിയായവർക്കും, 2019 വരെ എസ്.എസ്.എൽ.സി പരീക്ഷ എഴുതി തോറ്റവർക്കും പത്താംതരം തുല്യതയ്ക്ക് ചേരാം. കോഴ്സ് നടത്തുന്നത് സംസ്ഥാന സാക്ഷരതാ മിഷനും പരീക്ഷ, മൂല്യനിർണയം, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ നടത്തുന്നത് പൊതുപരീക്ഷാ ബോർഡുമാണ്. പത്താം ക്ലാസ് പാസായ 22 വയസ് പൂർത്തിയായവർക്കും പ്ലസ്ടു/ പ്രീഡിഗ്രീ തോറ്റവർക്കും ഇടയ്ക്ക് വച്ച് പഠനം നിർത്തിയവർക്കും ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് (ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിലേക്ക്) അപേക്ഷിക്കാം. ഔപചാരിക വിദ്യാഭ്യാസത്തിലെ ഹയർ സെക്കൻഡറി കോഴ്സിന് സമാനമായ വിഷയങ്ങൾ ഹയർ സെക്കൻഡറി തുല്യതാ കോഴ്സിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിലുണ്ടായിരുന്ന നാലുമാസം ദൈർഘ്യമുള്ള പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് രണ്ടു ഭാഗങ്ങളായി പൂർത്തിയാകുന്ന രീതിയിൽ പരിഷ്കരിച്ചാണ് പുതിയ കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചത്. പച്ചമലയാളം അടിസ്ഥാന കോഴ്സ്, പച്ചമലയാളം അഡ്വാൻസ്ഡ് കോഴ്സ് എന്നിങ്ങനെ ഒരു വർഷം ദൈർഘ്യമുള്ള രണ്ട് കോഴ്സായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിലാണ് പരിഷ്കരിച്ചത്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മലയാളം പഠിക്കാൻ അവസരം ലഭിക്കാത്തവർക്കും മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്നവരുമായ 17 വയസ്സു കഴിഞ്ഞ ആർക്കും മലയാളം പഠിക്കാൻ കഴിയുന്ന ഒരു വർഷം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സാണ് പച്ചമലയാളം. ആറുമാസം വീതമുള്ള ഒന്നാം ഭാഗം അടിസ്ഥാന കോഴ്സ്, രണ്ടാം ഭാഗം അഡ്വാൻസ്ഡ് കോഴ്സ് എന്നിങ്ങനെയാണ് പച്ചമലയാളം കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നേടേണ്ട മലയാള ഭാഷാപഠനശേഷികൾ സ്വായത്തമാക്കാൻ പര്യാപ്തമായ രീതിയിലാണ് പരിഷ്കരിച്ച പച്ചമലയാളം കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. സാക്ഷരതാമിഷന്റെ പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഒരു തുല്യതാ കോഴ്സാണ്. സർക്കാർ/ അർധ സർക്കാർ സ്ഥാപനങ്ങളിലെ ഔദ്യോഗിക കൃത്യനിർവഹണത്തിന് മലയാളം അറിയാത്ത ജീവനക്കാർക്കും കോഴ്സ് സഹായകരമാകും. 60 മണിക്കൂർ മുഖാമുഖവും 30 മണിക്കൂർ ഓൺലൈനുമായാണ് പച്ചമലയാളം അടിസ്ഥാന കോഴ്സിന്റെ ക്ലാസുകൾ. അടിസ്ഥാനകോഴ്സിൽ വിജയിക്കുന്നവർക്ക് അഡ്വാൻസ് കോഴ്സിൽ ചേർന്ന് പഠിക്കാം. ആറ് മാസമാണ് അടിസ്ഥാന കോഴസിന്റെ കാലാവധി.

ഏഴാം തരം തുല്യത കോഴ്സിലേക്കും അപേക്ഷിക്കാം. 4-ാം ക്ലാസ് വിജയിച്ചവരും, 5, 6, 7 ക്ലാസുകളിൽ നിന്നു കൊഴിഞ്ഞ് പോയവരുമായ 15 വയസ് പൂർത്തിയായവർക്ക് അപേക്ഷിക്കാം.

വിശദവിവരങ്ങൾക്ക് തിരുവനന്തപുരം നഗരസഭയിൽ പ്രവർത്തിക്കുന്ന അക്ഷരശ്രീ ഓഫീസുമായോ നഗരസഭയിലെ കൗൺസിലർമാരെയോ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന അക്ഷരശ്രീ വാർഡ് കോഓർഡിനേറ്റർമാരെയോ സമീപിക്കാം. ഫോൺ: 8075047569.

## നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ ഡിജിറ്റൽ ഗൈഡഡ് ടൂർ സംവിധാനം

രാജ്യത്തെ പ്രമുഖ പ്രകൃതിചരിത്ര മ്യൂസിയങ്ങളിലൊന്നായ തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ നൂതന ഡിജിറ്റൽ ഗൈഡഡ് ടൂർ സംവിധാനം സജ്ജമായി. ജൂലൈ 2ന് ബുധനാഴ്ച വൈകുന്നേരം 4ന് മ്യൂസിയം, രജിസ്ട്രേഷൻ, പുരാവസ്തു, പുരാരേഖാ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഡിജിറ്റൽ ഗൈഡഡ് ടൂർ സംവിധാനം ഉദ്ഘാടനം ചെയ്യും.മ്യൂസിയം ഓഡിറ്റോറിയത്തിൽ നടക്കുന്നചടങ്ങിൽ അഡ്വ. വി.കെ. പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കും.

സന്ദർശകർക്ക് കൂടുതൽ വിജ്ഞാനവും വിനോദവും പകരുന്ന രീതിയിൽ മലയാളം, ഹിന്ദി, തമിഴ്, ഇംഗ്ലീഷ് എന്നീ നാല് ഭാഷകളിൽ മ്യൂസിയത്തിലെ ശേഖരങ്ങളെക്കുറിച്ച് വിവരങ്ങൾ നൽകുന്നതാണ് ഡിജിറ്റൽ സംവിധാനം. മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നാച്ചുറൽ ഹിസ്റ്ററി മ്യൂസിയംഇന്ത്യയിലെ 13 നാച്ചുറൽ ഹിസ്റ്ററി മ്യൂസിയങ്ങളിലൊന്നാണ്. തിരുവിതാംകൂർ കൊളോണിയൽ ഭരണകാലത്ത് 1853-ൽ സ്ഥാപിച്ച മ്യൂസിയത്തിൽ നിന്നാണ് തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം സ്ഥാപിക്കപ്പെട്ടത്. പ്രകൃതിചരിത്ര ശേഖരങ്ങൾക്കായി പ്രത്യേകമായി മ്യൂസിയം സ്ഥാപിക്കപ്പെട്ടത് 1964-ലാണ്.

## ഒരു മന്ത്രിയുടെ ജീവൻ അപകടത്തിലായപ്പോഴാണ് അന്ന് വെടിവെയ്പ്പുണ്ടായത്: വി. ഡി. സതീശൻ

തിരുവനന്തപുരം: സംസ്ഥാന പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖറെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട് വിമർശനങ്ങൾ ഉയരുന്ന സാഹചര്യത്തിൽ പ്രതികരണവുമായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ.

ഒരു മന്ത്രിയുടെ ജീവൻ അപകടത്തിലായപ്പോഴാണ് കൂത്തുപറമ്പിൽ അന്ന് വെടിവയ്പ്പ് ഉണ്ടായതെന്ന് അദ്ദേഹം പറഞ്ഞു. നിയമനം അതിന്റെ നടപടിക്ക് പോകുമെന്നും സതീശൻ കൂട്ടിച്ചേർത്തു.

റവാഡയ്ക്കെതിരേ ആദ്യം അതൃപ്തി പരസ്യമാക്കിയത് സിപിഎം നേതാവ് പി. ജയരാജനായിരുന്നു. കൂത്തുപറമ്പിൽ വെടിവയ്പ് നടത്തിയ ഉദ്യോഗസ്ഥരിൽ ഒരാളാണ് റവാഡ. മെറിറ്റ് കണക്കിലെടുത്തായിരിക്കാം നിയമനമെങ്കിലും ഇക്കാര്യം വിശദീകരിക്കേണ്ടത് സംസ്ഥാന സർക്കാരാണെന്നും ജയരാജൻ പറഞ്ഞു.

## തിരുവനന്തപുരത്ത് കൗമാരക്കാരിയെ പീഡിപ്പിച്ച് ഗർഭിണിയാക്കി; മധ്യവയസ്കൻ അറസ്റ്റിൽ

തിരുവനന്തപുരം: ആര്യനാട്ടിൽ 14 വയസുകാരിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയ സംഭവത്തിൽ 56കാരൻ അറസ്റ്റിൽ. ആര്യനാട് അന്തിയറ സ്വദേശി ഇൻവാസ് ആണ് അറസ്റ്റിലായത്. ഇക്കഴിഞ്ഞ ദിവസം വയറുവേദന അനുഭവപ്പെട്ട പെൺകുട്ടി നെടുമങ്ങാട് ജില്ലാ ആശുപതിയിൽ ചികിത്സയ്ക്ക് എത്തിയിരുന്നു. പിന്നീട് നടത്തിയ പരിശോധനയിലാണ് പെൺകുട്ടി രണ്ട് മാസം ഗർഭിണിയാണ് എന്ന് കണ്ടെത്തിയത്. ആശുപത്രി അധികൃതർ അറിയിച്ചത് അനുസരിച്ച് പെൺകുട്ടിയുടെ മൊഴിയിൽ ആര്യനാട് പോലീസ് കേസെടുത്ത് പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു.

## ആലപ്പുഴയിൽ എടിഎം തകർത്ത് മോഷണശ്രമം

എടത്വ: ആലപ്പുഴ എടത്വ പച്ച-ചെക്കിടിക്കാട് എടിഎം തകർത്ത് മോഷണ ശ്രമം. ഫെഡറൽ ബാങ്ക് പച്ച ശാഖയിലെ എടിഎം തകർത്താണ് മോഷണ ശ്രമം നടന്നത്. പണം നഷ്ടപ്പെട്ടിട്ടില്ല. ഇന്ന് പുലർച്ചെ രണ്ടോടെ ബാങ്ക് ഹെഡ് ഓഫീസിൽ ലഭിച്ച സിഗ്നലിനെ തുടർന്ന് അധികൃതർ പോലീസുമായി ബന്ധപ്പെട്ടിരുന്നു. പോലീസ് സംഭവ സ്ഥലത്ത് എത്തിയപ്പോഴേക്കും മോഷ്ടാവ് കടന്നിരുന്നു. പോലീസ് ബാങ്ക് അധികൃതരെ വിളിച്ചുവരുത്തിയ ശേഷം സിസിടിവി ദൃശ്യം പരിശോധിച്ചു. റെയിൻകോട്ടു കൊണ്ട് ശരീരം പൂർണമായി മറച്ച വ്യക്തി കൃത്യം നടത്തിയ ശേഷം റോഡിന്റെ കുറുകെ ഇടവഴിയിലൂടെ നടന്നുപോകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

## ബാലചന്ദ്രമേനോനെ അപകീർത്തിപ്പെടുത്തിയെന്ന കേസ്: നടി മിനു മുനീർ അറസ്റ്റിൽ

കൊച്ചി: നടനും സംവിധായകനുമായ ബാലചന്ദ്രമേനോനെ സമൂഹമാധ്യമങ്ങളിൽ അപകീർത്തിപ്പെടുത്തിയെന്ന കേസിൽ നടി മിനു മുനീർ അറസ്റ്റിൽ. കൊച്ചി ഇൻഫോപാർക്ക് സൈബർ പോലീസ് അറസ്റ്റ് ചെയ്ത നടിയെ പിന്നീട് ജാമ്യത്തിൽ വിട്ടു.

അതേസമയം ബാലചന്ദ്രമേനോനെതിരെ നടി നൽകിയ പരാതിയുമായി ബന്ധപ്പെട്ട കേസിലെ നടപടികൾ കോടതി അവസാനിപ്പിച്ചിരുന്നു. ഇതിൻറെ ഭാഗമായി പരാതിക്കാരിക്ക് കോടതി നോട്ടീസ് നൽകി. ബാലചന്ദ്രമേനോനെതിരെയുള്ള ആരോപണങ്ങൾക്ക് തെളിവില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് പോലീസ് അന്തിമ റിപ്പോർട്ട് സമർപ്പിച്ചത്. നടന്മാരായ മുകേഷ്, ജയസൂര്യ എന്നിവർ ഉൾപ്പെടെ ഏഴ് പേർക്കെതിരെയാണ് നടി ആദ്യം പരാതി നൽകിയത്. പിന്നീടാണ് ബാലചന്ദ്ര മേനോനെതിരെ ആരോപണവുമായി രംഗത്ത് വരുന്നത്. സിനിമയുടെ ഷൂട്ടിംഗിനിടെ ബാലചന്ദ്ര മേനോനിൽ നിന്ന് ലൈംഗിക അതിക്രമം നേരിടേണ്ടി വന്നിരുന്നുവെന്നായിരുന്നു ആരോപണം.

## കുടിശ്ശിക തീർപ്പാക്കാൻ അദാലത്ത്

കരകൗശല വികസന കോർപ്പറേഷൻ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) സ്വയം തൊഴിൽ പദ്ധതി പ്രകാരം നൽകിയ വായ്പകളിൽമേലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് തിരുവനന്തപുരം പ്രസ് ക്ലബ്ബിനു സമീപത്തുള്ള ഹെഡ് ഓഫീസിൽ ജൂലൈ 8 രാവിലെ 11 ന് അദാലത്ത് സംഘടിപ്പിക്കും. കുടിശിക്കാർക്ക് ഈ അദാലത്തിലൂടെ ആകർഷകമായ പലിശയിളവ് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2778400, 0471-2331358.

# ഇന്തോ–പസഫിക് മേഖലയിലെ ഇന്ത്യയുടെ പങ്കിനെ പ്രശംസിച്ച് വൈറ്റ്ഹൗസ് പ്രസ് സെക്രട്ടറി

വാഷിംഗ്ടൺ ഡിസി: ഇന്തോ–പസഫിക് മേഖലയിലെ തന്ത്രപ്രധാന സഖ്യകക്ഷിയെന്ന നിലയിൽ ഇന്ത്യയുടെ പങ്കിനെ പ്രശംസിക്കുന്നുവെന്ന് വൈറ്റ്ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ്.

യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തമ്മിലുള്ള ശക്തമായ വ്യക്തിബന്ധത്തെ കുറിച്ചും കരോലിൻ ലീവിറ്റ് എടുത്തുപറഞ്ഞു. ഇന്തോ–പസഫിക് മേഖലയിലെ ചൈനയുടെ സ്വാധീനത്തെ അമേരിക്ക എങ്ങനെ കാണുന്നു എന്നതിനെക്കുറിച്ചുള്ള എഎൻഐയുടെ ചോദ്യത്തിന്, ഏഷ്യാ പസഫിക്കിൽ ഇന്ത്യ വളരെ തന്ത്രപരമായ സഖ്യകക്ഷിയായി തുടരുന്നു. പ്രസിഡൻറിന് പ്രധാനമന്ത്രി മോദിയുമായി വളരെ നല്ല ബന്ധമുണ്ട്, അദ്ദേഹം അത് തുടരുമെന്ന് മറുപടിയായി ലീവിറ്റ് പറഞ്ഞു.

ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ നിലവിൽ അമേരിക്കയിലായിരിക്കെയാണ് ഈ പ്രസ്താവനകൾ വരുന്നത്.

സൈക്കിളിൽ നിന്നും വീണ മകളെ കോടാലി കൊണ്ട് കൊലപ്പെടുത്തി പിതാവ് മുംബൈ: സൈക്കിളിൽ നിന്നും വീണ മകളെ കൊടാലി കൊണ്ട് കൊലപ്പെടുത്തി പിതാവ്. മഹാരാഷ്ട്രയിലെ ധാരാശിവ് ജില്ലയിൽ ഞായറാഴ്ചയാണ് സംഭവം.

ഒൻപതുകാരിയായ ഗൗരിയാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ പിതാവ് ഗ്യാനേശ്വർ ജാദവിനെ പോലീസ് പിടികൂടി. പോലീസ് പറയുന്നതനുസരിച്ച്, ഗൗരി എന്ന പെൺകുട്ടിക്ക് ഇടയ്ക്കിടെ അസുഖം വരാറുണ്ടായിരുന്നു. ഞായറാഴ്ച സൈക്കിൾ ഓടിക്കുന്നതിനിടെ കുട്ടി നിലത്തുവീണു. തുടർന്ന് മദ്യലഹരിയിലായിരുന്ന ഗ്യാനേശ്വർ, ഉറങ്ങിക്കിടക്കുന്നതിനിടെ ഗൗരിയെ കോടാലികൊണ്ട് ആക്രമിക്കുകയായിരുന്നു. കൊലപാതകത്തിന് ശേഷം 24 മണിക്കൂർ അയാൾ കുട്ടിയുടെ മൃതദേഹം പരന്ദ താലൂക്കിലെ വീട്ടിൽ സൂക്ഷിച്ചിരുന്നതായി പോലീസ് പറഞ്ഞു.

# ഭരണഘടനയിലെ ഏതെങ്കിലും വാക്കിൽ സ്പർശിച്ചാൽ പല്ലും നഖവും ഉപയോഗിച്ച് പോരാടും

ന്യൂഡൽഹി: ഭരണഘടനയിലെ ഏതെങ്കിലും വാക്കിൽ സ്പർശിച്ചാൽ പല്ലും നഖവും ഉപയോഗിച്ച് പോരാടുമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ. ആർഎസ്എസ് ജനറൽ സെക്രട്ടറി ദത്തേത്രയ ഹൊസബാളെയെ മനുസ്മൃതിയുടെ മനുഷ്യനെന്നും ഖർഗെ വിശേഷിപ്പിച്ചു.

ഭരണഘടനയിൽ നിന്നും മതേതരത്വം, സോഷ്യലിസം എന്ന വാക്കുകൾ എടുത്തുകളയണമെന്ന ഹൊസബാളെയുടെ പരാമർശത്തിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. 'പാവപ്പെട്ടയാളുകൾ ഉയർന്ന് വരുന്നത് അദ്ദേഹത്തിന് താൽപര്യമില്ല. 1000 വർഷങ്ങൾക്ക് മുമ്പ് എന്താണോ ഉണ്ടായത് അത് തന്നെ തുടരാനാണ് അദ്ദേഹത്തിന് ആവശ്യം. അതുകൊണ്ടാണ് അദ്ദേഹത്തിന് സോഷ്യലിസവും മതേതരത്വവും സ്വാതന്ത്ര്യവും തുല്യതയും സാഹോദര്യവും ഇഷ്ടമില്ലാത്തത്', ഖർഗെ പറഞ്ഞു.

ഇത് ഹൊസബാളെയുടെ വാക്കുകളല്ലെന്നും ആർഎസ്എസിൻറേതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആർഎസ്എസ് എല്ലായ്പ്പോഴും പട്ടികജാതി അടക്കമുള്ള വിഭാഗങ്ങൾക്കെതിരാണെന്ന് ഖർഗെ പറഞ്ഞു. അവർ അവകാശപ്പെടുന്നത് ഹിന്ദു മതത്തിന്റെ ചാമ്പ്യരാണെന്നാണ്, അങ്ങനെയെങ്കിൽ അവർ തൊട്ടുകൂട്ടായ്മ ഇല്ലാതാക്കണമെന്നും ഖർഗെ പറഞ്ഞു. അതിന് പകരം ശബ്ദമുണ്ടാക്കി രാജ്യത്ത് ആശയക്കുഴപ്പം സൃഷ്ടിക്കുകയാണ്.

അത് വളരെ മോശമാണ്. ഞങ്ങൾ അതിന് എതിരാണ്. ഭരണഘടനയിലെ ഏതെങ്കിലും വാക്കിൽ തൊട്ടാൽ പല്ലും നഖവും ഉപയോഗിച്ച് പോരാടും, ഖർഗെ പറഞ്ഞു. അടിയന്തരാവസ്ഥയുടെ അൻപതാം വാർഷികത്തോടനുബന്ധിച്ച് ഡൽഹിയിൽ നടന്ന ചടങ്ങിലായിരുന്നു ഭരണഘടനയിലെ സോഷ്യലിസം, മതേതരത്വം എന്നീ വാക്കുകൾ നീക്കം ചെയ്യണമെന്ന് ദത്താത്രേയ ഹൊസബാളെ പറഞ്ഞത്. രാജ്യത്ത് അടിയന്തരാവസ്ഥ ഏർപ്പെടുത്തിയ കോൺഗ്രസ് മാപ്പ് പറയണമെന്ന് ആവശ്യപ്പെട്ട ഹൊസബാളെ, ഇന്ത്യയിലെ ജനാധിപത്യത്തെ നിർവചിക്കുന്ന മതേതരത്വം, സോഷ്യലിസം തുടങ്ങിയ പദങ്ങൾ ഭരണഘടനയിൽ തിരുകിക്കയറ്റിയതാണെന്നും ഈ വാക്കുകൾ അവിടെ തുടരണമോ എന്ന് നാം ചിന്തിക്കണമെന്നുമായിരുന്നു പറഞ്ഞത്.

# സിറിയയ്ക്കെതിരായ ഉപരോധം അവസാനിപ്പിച്ച് യുഎസ്; ഉത്തരവിൽ ട്രംപ് ഒപ്പുവച്ചു

വാഷിംഗ്ടൺ ഡിസി: സിറിയയ്ക്കെതിരായ ഉപരോധം അവസാനിപ്പിച്ച് യുഎസ്. ഇതുസംബന്ധിച്ചുകൊണ്ടുള്ള ഉത്തരവിൽ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഒപ്പുവച്ചു. നാലരപ്പതിറ്റാണ്ടായി നിലനിന്ന യുഎസ് ഉപരോധമാണ് ഇതോടെ പിൻവലിച്ചത്. സാമ്പത്തിക വ്യാപാര ഉപരോധങ്ങൾ പിൻവലിച്ചതായി വൈറ്റ്ഹൗസ് വൃത്തങ്ങൾ അറിയിച്ചു. എന്നാൽ സിറിയയുടെ മുൻ പ്രസിഡൻറ് ബാഷാർ അൽ അസദിനും കുടുംബത്തിനുമുള്ള ഉപരോധം തുടരും.

യുഎസിന്റെ നീക്കം സിറിയയെ സമാധാനത്തിന്റെ പാതയിലേക്ക് നയിക്കുമെന്ന് യുഎസ് പ്രസ് സെക്രട്ടറി അറിയിച്ചു. ഉപരോധം അവസാനിപ്പിച്ച് ആഭ്യന്തര യുദ്ധത്തിൽ തകർന്ന് സിറിയയെ പുനർനിർമിക്കാൻ വേണ്ട സഹായങ്ങൾ ചെയ്യുമെന്ന് മേയിൽ ട്രംപ് പ്രഖ്യാപിച്ചിരുന്നു. ട്രംപിന്റെ തീരുമാനം ഏറെ കാലമായി കാത്തിരുന്ന സിറിയയുടെ പുനർനിർമാണത്തിനും വികസനത്തിനുമുള്ള വാതിൽ തുറക്കുമെന്ന് സിറിയയുടെ വിദേശകാര്യ മന്ത്രി അസദ് അൽ ശിബാനി എക്സിൽ കുറിച്ചു. ഈ നീക്കം സിറിയയെ സാമ്പത്തികമായി മുന്നോട്ടു കൊണ്ടുപോകാനും രാജ്യാന്തര സമൂഹത്തിനുമുന്നിൽ രാജ്യത്തെ തുറന്നു കാട്ടാനുള്ള അവസരം സൃഷ്ടിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബഷാർ അൽ അസദിന്റെ കാലത്താണ് സിറിയയ്ക്കെതിരെ യുഎസ് ഉപരോധം ഏർപ്പെടുത്തിയത്.

# റാഗിംഗ് വിരുദ്ധ ചട്ടലംഘനം; കേരളത്തിലെ അഞ്ചു സ്ഥാപനങ്ങൾക്ക് നോട്ടീസ്

ന്യൂഡൽഹി: റാഗിംഗ് തടയുന്നത് സംബന്ധിച്ച ചട്ടങ്ങൾ പാലിക്കാത്തതിന് കേരളത്തിലെ ഉൾപ്പടെ 89 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് യുജിസി കാരണംകാണിക്കൽ നോട്ടീസയച്ചു. പാലക്കാട് ഐഐടിയും കലാമണ്ഡലവുമുൾപ്പെടെ കേരളത്തിലെ അഞ്ച് സ്ഥാപനങ്ങളും നോട്ടീസ് ലഭിച്ചവയിലുണ്ട്.

തിരുവനന്തപുരത്തെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല, മലപ്പുറത്തെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല, കൊല്ലത്തെ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നിവയാണ് നോട്ടീസ് ലഭിച്ച കേരളത്തിലെ മറ്റുസ്ഥാപനങ്ങൾ.

മുപ്പതുദിവസത്തിനകം ചട്ടങ്ങൾ പാലിച്ചില്ലെങ്കിൽ സ്ഥാപനങ്ങളുടെ അംഗീകാരവും ഫണ്ടും പിൻവലിക്കുന്നത് ഉൾപ്പെടെയുള്ള നടപടികളുണ്ടാകുമെന്ന് യുജിസി അയച്ച കത്തിൽ പറയുന്നു.

# എംഡിഎംഎയുമായി സിപിഐ നേതാവ് അറസ്റ്റിൽ; പാർട്ടിയിൽനിന്നു പുറത്താക്കി

തിരുവനന്തപുരം: എംഡിഎംഎയുമായി സിപിഐ നേതാവ് ഉൾപ്പെടെ രണ്ടു പേർ അറസ്റ്റിൽ. സിപിഐ പാളയം ലോക്കൽ കമ്മിറ്റി അംഗമായ കൃഷ്ണ ചന്ദ്രൻ, ആലി മുഹമ്മദ് എന്നിവരാണ് പിടിയിലായത്. കൃഷ്ണ ചന്ദ്രന്റെ പക്കൽനിന്ന് 4.05 ഗ്രാമും ആലി മുഹമ്മദിന്റെ കൈയിൽ നിന്ന് അഞ്ചു ഗ്രാമും എംഡിഎംഎ പിടിച്ചെടുത്തു. എഐവൈഎഫ് തിരുവനന്തപുരം മണ്ഡലം മുൻ സെക്രട്ടറിയാണ് കൃഷ്ണ ചന്ദ്രൻ.

അറസ്റ്റിലായതിനു പിന്നാലെ കൃഷ്ണ ചന്ദ്രനെ പാർട്ടിയിൽ നിന്ന് പുറത്താക്കി. സിപിഐയിലെ സംസ്ഥാന നേതാക്കളുമായി ഇയാൾക്ക് അടുത്ത ബന്ധമുണ്ട്. ബൈക്കിലെത്തിയ രണ്ടുപേർക്ക് എംഡിഎംഎ കൈമാറുന്നുവെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ എക്സൈസാണ് ഇരുവരെയും പിടികൂടിയത്.

# ഡൽഹി സാഗർപുരിൽ അച്ഛൻ മകനെ കുത്തിക്കൊന്നു

ന്യൂഡൽഹി: തെക്ക്പടിഞ്ഞാറൻ ഡൽഹിയിലെ സാഗർപുരിൽ അച്ഛൻ മകനെ കുത്തിക്കൊന്നു. മഴയത്ത് കളിക്കാൻ പോകുന്നതിനെ ചൊല്ലിയുള്ള തർക്കത്തിനൊടുവിലാണ് അച്ഛൻ പത്ത് വയസുകാരനായ മകനെ കുത്തിക്കൊന്നത്.

ഞായറാഴ്ച ഉച്ചയ്ക്കാണ് സംഭവമുണ്ടായത്. മഴ പെയ്യുന്ന സമയത്ത് പുറത്ത് കളിക്കാൻ പോകണമെന്ന് മകൻ ആവശ്യപ്പെട്ടു. എന്നാൽ അച്ഛൻ തടഞ്ഞു. മകൻ പിന്നെയും വാശിപിടിച്ചതിനെ തുടർന്ന് തർക്കത്തിലേക്ക് നീണ്ടു. തർക്കത്തിനൊടുവിൽ അച്ഛൻ കത്തിയെടുത്ത് മകനെ കുത്തി. ഗുരുതരമായി പരിക്കേറ്റ പത്ത് വയസുകാരനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംഭവത്തിൽ ദിവസ വേതനക്കാരനായ അച്ഛനെ പോലീസ് അറസ്റ്റ് ചെയ്തു.

# നവി മുംബൈയിൽ നവജാത ശിശുവിനെ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി

മുംബൈ: മഹാരാഷ്ട്രയിൽ നവജാത ശിശുവിനെ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. നവി മുംബൈയിലാണ് സംഭവം. ജനിച്ച് മൂന്ന് ദിവസം മാത്രം പ്രായമുള്ള കുഞ്ഞിനെ ബാസ്ക്കറ്റിനുള്ളിൽ നിന്നുമാണ് ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയത്.

സാമ്പത്തിക പ്രശ്നം കാരണം കുഞ്ഞിനെ വളർത്താൻ സാധിക്കില്ലെന്നും ചെയ്തതിന് മാപ്പ് അപേക്ഷിച്ചും കുഞ്ഞിന്റെ മാതാപിതാക്കൾ ഇംഗ്ലീഷിൽ എഴുതിയ ക്ഷമാപണക്കുറിപ്പ് ബാസ്ക്കറ്റിനുള്ളിൽ വച്ചിരുന്നു. നവി മുംബൈയിലെ പൻവേലിലെ ടക്കാ കോളനിയിലെ വഴിവക്കിൽ ഉപേക്ഷിച്ച കുഞ്ഞിനെ പ്രദേശവാസിയാണ് കണ്ടെത്തിയത്. ഉടൻതന്നെ സ്ഥലത്തെത്തിയ പോലീസ് കുഞ്ഞിനെ സംരക്ഷണകേന്ദ്രത്തിലേക്ക് മാറ്റി. കുഞ്ഞിന്റെ ആരോഗ്യനില തൃപ്തികരമാണ്. പോലീസ് കുഞ്ഞിന്റെ മാതാപിതാക്കളെ കണ്ടെത്താനുള്ള അന്വേഷണം ആരംഭിച്ചു. സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

# വാണിജ്യാവശ്യങ്ങൾക്കുള്ള പാചക വാതക സിലിണ്ടറിന്റെ വില കുറച്ചു

ന്യൂഡൽഹി: വാണിജ്യാവശ്യങ്ങൾക്കുള്ള പാചക വാതക സിലിണ്ടറിന്റെ വില കുറച്ചു. 19 കിലോയുടെ വാണിജ്യ എൽപിജി സിലിണ്ടറിന് 58.50 രൂപ ആണ് കുറച്ചത്. 1671 രൂപയാണ് വാണിജ്യ സിലിണ്ടറിന്റെ പുതിയ വില.

കഴിഞ്ഞ നാലു മാസത്തിനിടെ 140 രൂപയാണ് വാണിജ്യ സിലിണ്ടറിന് കുറഞ്ഞത്. അതേസമയം, ഗാർഹിക സിലിണ്ടർ വിലയിൽ മാറ്റമില്ല. രാജ്യതലസ്ഥാനമായ ഡൽഹിയിലാണ് 58.5 രൂപ കുറഞ്ഞത്. മുബൈയിൽ 58 രൂപയും ചെന്നൈയിൽ 57.7 രൂപയുമാണ് കുറഞ്ഞത്.

19 കിലോയുടെ വാണിജ്യ സിലിണ്ടറിന് കൊച്ചിയിൽ 57.5 രൂപയാണ് കുറഞ്ഞത്. ഇതുപ്രകാരം1672 രൂപയാണ് കൊച്ചിയിലെ 19 കിലോ സിലിണ്ടറിന്റെ പുതിയ വില. 1729.5 രൂപയായിരുന്നു പഴയ വില. വാണിജ്യ സിലിണ്ടറിന് വില കുറഞ്ഞത് ഹോട്ടലുകളടക്കമുള്ള വ്യാപാര സ്ഥാപനങ്ങൾക്ക് ആശ്വാസമാകും.

ഇന്ന് മുതൽ (ജൂലൈ ഒന്ന്) മുതൽ പുതുക്കിയ വില പ്രാബല്യത്തിൽ വന്നു. നേരത്തെയും വാണിജ്യ സിലിണ്ടറിന്റെ വലി കുറച്ചിരുന്നു. മാസത്തിലൊരിക്കലാണ് എൽപിജി വിലയിൽ എണ്ണ കമ്പനികൾ മാറ്റം വരുത്തുന്നത്. കഴിഞ്ഞ ജൂൺ ഒന്നിനും വാണിജ്യ സിലിണ്ടറിന് 24 രൂപ കുറച്ചിരുന്നു. സംസ്ഥാനത്തെ പുതിയ പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ ചുമതലയേറ്റു

# ശിവഗംഗ കസ്റ്റഡി മരണം; അഞ്ച് പോലീസുകാർ അറസ്റ്റിൽ

ചെന്നൈ: തമിഴ്നാട്ടിലെ ശിവഗംഗയിൽ യുവാവ് കസ്റ്റഡിയിൽ വച്ച് മരിച്ച സംഭവത്തിൽ അഞ്ച് പോലീസുകാരെ അറസ്റ്റ് ചെയ്തു. പ്രതികൾക്കെതിരെ കൊലക്കുറ്റം ചുമത്തി. മദ്രാസ് ഹൈക്കോടതി ഇന്ന് കേസ് പരിഗണിക്കാനിരിക്കെയാണ് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയെടുത്തത്. മോഷണക്കേസിൽ കസ്റ്റഡിയിലെടുത്ത 27 വയസുകാരനായ ബി. അജിത് കുമാർ ആണ് തിരുപ്പുവനം പോലീസ് സ്റ്റേഷനിൽ വച്ച് മരിച്ചത്. ശിവഗംഗ മടപ്പുറം കാളിയമ്മൻ ക്ഷേത്രത്തിലെ കരാർ ജീവനക്കാരനായിരുന്നു അജിത് കുമാർ. മധുര സ്വദേശിയായ നികിത എന്ന സ്ത്രീയുടെ പരാതിയെ തുടർന്നാണ് അജിത് ഉൾപ്പെടെ അഞ്ച് ക്ഷേത്രജീവനക്കാരെ വെള്ളിയാഴ്ച പോലീസ് ചോദ്യം ചെയ്യാനായി വിളിപ്പിച്ചത്.

അമ്മയ്ക്കൊപ്പം ക്ഷേത്രദർശനത്തിന് എത്തിയപ്പോൾ കാറിന്റെ താക്കോൽ അജിത്തിനെ ഏൽപ്പിച്ചെന്നും, മടങ്ങിയെത്തിയപ്പോൾ ബാഗിലുണ്ടായിരുന്ന ഒൻപതര പവൻ സ്വർണാഭരണങ്ങൾ നഷ്ടമായെന്നും നികിത പരാതിയിൽ പറഞ്ഞിരുന്നു. മോഷണവുമായി തനിക്ക് ബന്ധമില്ലെന്ന് അജിത് പോലീസിന് മൊഴി നൽകിയിരുന്നു. എന്നാൽ, കഴിഞ്ഞദിവസം അജിത്തിനെ പോലീസ് സംഘം വീണ്ടും കസ്റ്റഡിയിലെടുത്തു. പോലീസ് വാനിൽ വെച്ച് അജിത്തിനെ ക്രൂരമായി മർദ്ദിച്ചെന്നും സ്റ്റേഷനിലെത്തും മുൻപ് മരണം സംഭവിച്ചെന്നും ബന്ധുക്കൾ ആരോപിച്ചിരുന്നു.

# ബംഗളൂരുവിൽ മാലിന്യ വാഹനത്തിൽ ഉപേക്ഷിച്ച നിലയിൽ അജ്ഞാത മൃതദേഹം

ബംഗളൂരു: കർണാടകയിൽ അജ്ഞാത യുവതിയുടെ മൃതദേഹം ചാക്കിനുള്ളിൽ പൊതിഞ്ഞ നിലയിൽ മാലിന്യ വാഹനത്തിനുള്ളിൽ നിന്നും കണ്ടെത്തി. ഏകദേശം 30–35 വയസ് പ്രായമുള്ള യുവതിയുടെ മൃതദേഹം ബംഗളൂരുവിൽ നിന്നുമാണ് കണ്ടെത്തിയത്.

മൃതദേഹം പോസ്റ്റുമോർട്ടത്തിന് അയച്ചതായും സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തുവെന്നും പോലീസ് അറിയിച്ചു. പോലീസ് നടത്തിയ അന്വേഷണത്തിൽ ഒരാൾ ഓട്ടോ റിക്ഷയിൽ വരുന്നതും മൃതദേഹം വാഹനത്തിനുള്ളിൽ ഉപേക്ഷിക്കുന്നതും സിസിടിവിയിൽ നിന്നും കണ്ടെത്തി. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചാണ് അന്വേഷണം പുരോഗമിക്കുന്നത്. ചന്നമ്മനക്കെരെ അച്ചുകാട്ട് പോലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തത്.

പുലർച്ചെ ഒന്നിനും മൂന്നിനും ഇടയിലാണ് ഇയാൾ സ്ഥലത്ത് എത്തിയത്. കൈയും കഴുത്തും കെട്ടി പ്ലാസ്റ്റിക് കൂടിനുള്ളിലാക്കിയ നിലയിലായിരുന്നു മൃതദേഹമെന്ന് ബംഗളൂരു ജോയിൻറ് കമ്മീഷണർ വംശി കൃഷ്ണ അറിയിച്ചു. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

# സംസ്ഥാനത്തെ പുതിയ പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ ചുമതലയേറ്റു

തിരുവനന്തപുരം: സംസ്ഥാനത്തെ പുതിയ പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ ചുമതലയേറ്റു. പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ താൽക്കാലിക ചുമതലയുള്ള എച്ച് വെങ്കിടേഷിൽ നിന്നും റവാഡ ചന്ദ്രശേഖർ പോലീസ് മേധാവിയുടെ ബാറ്റൺ കൈമാറി. ചുമതലയേറ്റ ശേഷമുള്ള റവാഡ ചന്ദ്രശേഖറിന്റെ ആദ്യ ഔദ്യോഗിക പരിപാടി കണ്ണൂരാണ്. തിങ്കാളാഴ്ച ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗമാണ് റവാഡ ചന്ദ്രശേഖറിനെ പൊലീസ് മേധാവിയായി തെരഞ്ഞെടുത്തത്. നേരത്തെ പോലീസ് മേധാവി സ്ഥാനത്തേയ്ക്ക് സർക്കാർ സമർപ്പിച്ച പട്ടികയിൽ നിന്നും മൂന്ന് പേർ ഉൾപ്പെടുന്ന ചുരുക്കപ്പട്ടിക യുപിഎസ്സി സംസ്ഥാന സർക്കാരിന് കൈമാറിയിരുന്നു. ഈ പട്ടികയിൽ നിന്നാണ് മുഖ്യമന്ത്രി റവാഡ ചന്ദ്രശേഖറിനെ പുതിയ പൊലീസ് മേധാവിയായി തിരഞ്ഞെടുത്തത്.

# ദീർഘദൂര ട്രെയിൻ യാത്രകൾക്ക് ചെലവേറും; പുതുക്കിയ നിരക്കുകൾ ഇന്നുമുതൽ

ന്യൂഡൽഹി: ദീർഘദൂര യാത്രകൾക്കുള്ള ടിക്കറ്റ് നിരക്ക് വർധിപ്പിച്ച് റെയിൽവേ വിജ്ഞാപനം പുറത്തിറക്കി. പുതുക്കിയ നിരക്കുകൾ ഇന്നു മുതൽ പ്രാബല്യത്തിൽ വരും. എസി കോച്ചിലെ യാത്രകൾക്കു കിലോമീറ്ററിന് രണ്ടു പൈസയും സെക്കൻഡ് ക്ലാസ് ടിക്കറ്റുകൾക്ക് ഒരു പൈസയുമാണ് വർധിക്കുക. വന്ദേഭാരത് ഉൾപ്പെടെ ട്രെയിനുകൾക്കു നിരക്കുവർധന ബാധകമാണ്.

സബർബൻ ട്രെയിനുകൾക്കും 500 കിലോമീറ്റർ വരെയുള്ള സെക്കൻഡ് ക്ലാസ് യാത്രകൾക്കും നിരക്കിൽ മാറ്റമില്ല. 500 കിലോമീറ്ററിന് മുകളിൽ വരുന്ന സെക്കൻഡ് ക്ലാസ് ടിക്കറ്റിന് കിലോമീറ്ററിന് അര പൈസ എന്ന നിലയിലാണ് വർധന. സീസൺ ടിക്കറ്റുകളുടെ നിരക്കിലും വ്യത്യാസമില്ല. നേരത്തേ വാങ്ങിയ ടിക്കറ്റുകൾക്കു വർധന ബാധകമല്ലെന്നു റെയിൽവേ അറിയിച്ചു.

# ആധാർ, പാൻ, ക്രെഡിറ്റ് കാർഡ്: ഈ മാറ്റങ്ങൾ ഇന്നു മുതൽ പ്രാബല്യത്തിൽ

ന്യൂഡൽഹി: പൊതു സേവന, സാമ്പത്തിക മേഖലയിൽ ചില പരിഷ്കാരങ്ങൾ ഇന്നുമുതൽ പ്രാബല്യത്തിൽ വരും. സാധാരണക്കാരെയും ബിസിനസുകാരെയും ഉൾപ്പെടെ സ്വാധീനിക്കുന്ന ഈ മാറ്റങ്ങൾ ഏതൊക്കെയെന്ന് നോക്കാം.

**പാൻ അപേക്ഷകൾക്ക് ആധാർ നിർബന്ധം**

പുതിയ പെർമനൻറ് അക്കൗണ്ട് നമ്പർ (പാൻ കാർഡ്) അപേക്ഷിക്കുന്നതിന് ഇന്നുമുതൽ ആധാർ കാർഡ് നിർബന്ധമാകും. സുതാര്യത പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽ ഐഡൻറിറ്റി വെരിഫിക്കേഷൻ നടപടി ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായിട്ടാണ് പുതിയ മാറ്റമെന്നാണ് സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസിന്റെ (സിബിഡിടി) വിശദീകരണം.

**തത്കാൽ ബുക്ക് ചെയ്യുന്നതിന് ആധാർ / പാൻ കാർഡ്**

ഇന്ത്യൻ റെയിൽവേയുടെ മൊബൈൽ ആപ്ലിക്കേഷനോ വെബ്സൈറ്റോ ആയി ആധാർ നമ്പറോ അല്ലെങ്കിൽ പാൻ കാർഡ് നമ്പറോ ബന്ധിപ്പിച്ചാൽ മാത്രമേ ഇനിമുതൽ ഓൺലൈനായി തത്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ സാധിക്കൂ.

ആധാർ അല്ലെങ്കിൽ പാൻകാർഡ് നമ്പറുമായി ലിങ്ക് ചെയ്യാത്തവർ റിസർവേഷൻ കൗണ്ടറുകളിൽ നേരിട്ടെത്തി തത്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യണം. ഇതോടൊപ്പം ജൂലൈ 15 മുതൽ ഓൺലൈനായും അല്ലാതെയുമുള്ള തത്കാൽ ടിക്കറ്റ് ബുക്കിംഗുകൾക്ക് ഒടിപി അടിസ്ഥാനത്തിലുള്ള ആധാർ നമ്പർ സ്ഥിരീകരണ സംവിധാനവും ഏർപ്പെടുത്തും. റിസർവേഷൻ കൗണ്ടറുകളിലും ഇതു ബാധകമാണ്. റെയിൽവേ നിരക്കിലും നേരിയ മാറ്റം ഉണ്ടാകും.

**ക്രെഡിറ്റ് കാർഡുകൾ**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ), ആക്സിസ് ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക് തുടങ്ങിയവർ തങ്ങളുടെ ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കൾക്കുള്ള നയങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇന്നുമുതൽ ഇവ പ്രാബല്യത്തിൽ വരും. ജിഎസ്ടി, ഇഎംഐ, ക്രെഡിറ്റ് കാർഡ് ചാർജ് തുടങ്ങിയ കാര്യങ്ങളിലായിരിക്കും മാറ്റങ്ങൾ വരുത്തുക.

# പരീക്ഷാ ഫലം

സാങ്കേതിക വകുപ്പ് പരീക്ഷ കണ്ട്രോളർ നടത്തിയ ഡിപ്ലോമ പരീക്ഷയുടെ (റിവിഷൻ 2015, 2021) ഫലം www.sbtekerala.gov.inൽ പ്രസിദ്ധീകരിച്ചു

# തൊഴിലാളികൾക്ക് ധനസഹായം

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്തുവരുന്ന സമുദായങ്ങൾക്കുള്ള ധനസഹായം, പിന്നാക്ക വിഭാഗത്തിൽപെട്ട പരമ്പരാഗത കരകൗശല വദഗ്ധർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾക്ക് 2025–26 വർഷം B-win Portal മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 11 വരെ നീട്ടി.

# വിവരങ്ങൾ സമർപ്പിക്കണം

2021–22 വർഷം, 2021 മാർച്ചിൽ എസ് എസ് എൽ സി / ടി എച്ച് എസ് എൽ സി സംസ്ഥാന സിലബസിൽ പഠിച്ചു എല്ലാ വിഷയങ്ങളിലും എപ്ലസ് നേടി ജില്ലാ മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയ ംംം.റലലവെീഹമൃവെശു.ഴീ.ശി വെബ്സൈറ്റിലെ നോട്ടിഫിക്കേഷനിൽ കൊടുത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുക ബാങ്ക് അക്കൗണ്ടിലെ പിഴവ് മൂലം ക്രെഡിറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ആയതിനാൽ വിദ്യാർഥികൾ അവരുടെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ് കോഡ്, രജിസ്ട്രേഷൻ ഐഡി, എസ് എസ് എൽ സി രജിസ്ട്രേഷൻ നമ്പർ എന്നീ വിവരങ്ങൾ അടിയന്തരമായി ജൂലൈ 7 വൈകിട്ട് 5 ന് മുൻപായി districtmeritschoraship@gmail.com ഇ– മെയിൽ വിലാസത്തിൽ ലഭ്യമാക്കണം. ഫോൺ: 9446780308.

# മാലിന്യം നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട തർക്കം; വയോധികയെ മർദിച്ച സ്ത്രീ അറസ്റ്റിൽ

ബംഗളൂരു: മാലന്യം നിക്ഷേപിക്കുന്നതുമയി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് വയോധികയെ മരത്തിൽ കെട്ടിയിട്ട് മർദിച്ചു. കർണാടകയിലെ ഗൗതമപുര ഗ്രാമത്തിലാണ് സംഭവം. 70കാരിയായ ഹുച്ചമ്മയ്ക്ക് നേരെയാണ് ആക്രമണം ഉണ്ടായത്. വീടിനു മുന്നിൽ മാലിന്യം തള്ളിയതിന് അയൽവാസിയായ പ്രേമയുമായി ഹുച്ചമ്മ വഴക്കുണ്ടായി. പ്രേമയുടെ സ്വഭാവത്തെക്കുറിച്ച് ഹുച്ചമ്മ വളരെ മോശമായി പറഞ്ഞു. ഇതിൽ കലിപൂണ്ട പ്രേമ ബന്ധുക്കളായ രണ്ട് പുരുഷന്മാരുമായി എത്തുകയും ഹുച്ചമ്മയെ വീടിന് പുറത്തേക്ക് വലിച്ചിഴയ്ക്കുകയും ചെയ്തു. തുടർന്ന് ഇവരെ മരത്തിൽ കെട്ടിയിട്ട് മർദിക്കുകയായിരുന്നു. ആനന്ദപുര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. സംഭവത്തിൽ പ്രേമയെ പോലീസ് അറസ്റ്റ് ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മുൻ ഉദ്യോഗസ്ഥനെത്തിയത് മാധ്യപ്രവർത്തകനെന്ന വ്യാജേന; സുരക്ഷവീഴ്ചയിൽ അന്വേഷണം

തിരുവനന്തപുരം: സംസ്ഥാന പോലീസ് ആസ്ഥാനത്ത് വാർത്താസമ്മേളനത്തിനിടെയുണ്ടായ സുരക്ഷാ വീഴ്ചയിൽ അന്വേഷണം പ്രഖ്യാപിച്ച് ഡിജിപി. പ്രതിഷേധവുമായെത്തിയ മുൻ പോലീസ് ഉദ്യോഗസ്ഥൻ പോലീസ് ആസ്ഥാനത്ത് കയറിയത് പെൻഷൻ കാർഡ് ഉപയോഗിച്ചാണ്.

ഡിജിപിയുടെ മുൻ സുരക്ഷാ ഉദ്യോഗസ്ഥനാണെന്ന് പരിചയപ്പെടുത്തി അകത്ത് പ്രവേശിച്ച ഇയാൾ പിന്നീട് മാധ്യമപ്രവർത്തകനാണെന്ന് കാണിച്ചാണ് കോൺഫറൻസ് ഹാളിൽ കടന്നതെന്നാണ് പോലീസ് കണ്ടെത്തൽ. ഇതിനു പിന്നാലെയാണ് സുരക്ഷാ വീഴ്ചയിൽ അന്വേഷണം പ്രഖ്യാപിച്ചത്.

സംസ്ഥാന പോലീസ് മേധാവിയായി ചുമതലയേറ്റെടുത്ത റവാഡ ചന്ദ്രശേഖറിന്റെ ആദ്യ വാർത്താസമ്മേളനത്തിലാണ് നാടകീയ രംഗങ്ങൾ അരങ്ങേറിയത്. റവാഡ ചന്ദ്രശേഖർ സംസാരിക്കുന്നതിനിടെ അടുത്തേക്കെത്തിയ അദ്ദേഹം 30 വർഷം സർവീസിൽ അനുഭവിച്ച വേദനകൾ എന്നു പറഞ്ഞ് ചില രേഖകൾ ഉയർത്തിക്കാട്ടി. മുഖ്യമന്ത്രിക്കടക്കം പരാതി നൽകിയിട്ടും നടപടിയുണ്ടായില്ലെന്നും താൻ നേരിട്ട ദുരനുഭവത്തിൽ പോലീസുകാർ മറുപടി പറയണമെന്നും ആവശ്യപ്പെട്ടു.

ഇതോടെ, എല്ലാം പരിഹരിക്കാമെന്ന് റവാഡ ചന്ദ്രശേഖർ പറഞ്ഞു. പിന്നീട് അദ്ദേഹത്തെ പോലീസുകാർ അനുനയിപ്പിച്ച് പുറത്തേക്ക് കൊണ്ടുപോവുകയായിരുന്നു. വാർത്താസമ്മേളനത്തിന് ശേഷം ഇദ്ദേഹത്തിന്റെ പ്രതികരണം മാധ്യമപ്രവർത്തകർ തേടിയെങ്കിലും അദ്ദേഹം സംസാരിക്കാൻ തയാറായില്ല.

രക്തസമ്മർദം താഴുന്നു, വി. എസിന്റെ നില അതീവ ഗുരുതരം, മെഡിക്കൽ ബോർഡ് യോഗം രാവിലെ

തിരുവനന്തപുരം: ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദന്റെ ആരോഗ്യനില അതീവ ഗുരുതരമായി തുടരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യനില വിലയിരുത്താൻ മെഡിക്കൽ ബോർഡ് ഇന്ന് രാവിലെ യോഗം ചേരും.

അതിതീവ്ര പരിചരണ വിഭാഗത്തിൽ വെൻറിലേറ്ററിന്റെ സഹായത്തോടെ കഴിയുന്ന വി. എസിന്റെ രക്തസമ്മർദം വളരെ താഴ്ന്ന നിലയിലാണ്. ഡയാലിസിസ് തിങ്കളാഴ്ചയും തുടർന്നു. രക്തസമ്മർദവും വൃക്കകളുടെ പ്രവർത്തനവും ഹൃദയത്തിന്റെ പ്രവർത്തനവും സാധാരണ നിലയിലാക്കാനുള്ള ശ്രമമാണു നടക്കുന്നത്.

നേരത്തെ, വിദഗ്ധ ഡോക്ടർമാരുടെ സംഘം ആശുപത്രിയിലെത്തി ആരോഗ്യസ്ഥിതി വിലയിരുത്തിയിരുന്നു.

# ഈരാറ്റുപേട്ടയിലെ ദമ്പതികളുടെ ആത്മഹത്യ: പിന്നിൽ ബ്ലേഡ് മാഫിയ സംഘത്തിന്റെ ഭീഷണി

ഈരാറ്റുപേട്ട: ദമ്പതിമാർ ജീവനൊടുക്കിയത് ബ്ലേഡ് മാഫിയ സംഘത്തിന്റെ ഭീഷണിയെത്തുടർന്നെന്ന് ആരോപണം. ജീവനൊടുക്കിയ രാമപുരം തെരുവേൽ വിഷ്ണു എസ്. നായർ (36), രശ്മി വിഷ്ണു (35) എന്നിവരെ കുറവിലങ്ങാട് കേന്ദ്രീകരിച്ചുള്ള ബ്ലേഡ് സംഘം ഭീഷണിപ്പെടുത്തിയിരുന്നുവെന്ന് ബന്ധുക്കൾ ആരോപിച്ചു. ഇവർ ഇത്തരത്തിൽ നിരവധി പേരെ ഭീഷണിപ്പെടുത്തിയിട്ടുണ്ടെന്നും പറയുന്നു. ഇവർക്ക് പ്രദേശത്തെ ഒരു രാഷ്ട്രീയ നേതാവിന്റെ പിൻബലമുണ്ടെന്നും ആരോപണമുണ്ട്.

സാമ്പത്തിക പ്രതിസന്ധിയെ തുടർന്നാണു കരാർ ജോലിക്കാരനായ വിഷ്ണുവും നഴ്സിംഗ് സൂപ്രണ്ടായ ഭാര്യ രശ്മിയും ജീവനൊടുക്കിയത്. ഈരാറ്റുപേട്ട സൺറൈസ് ഹോസ്പിറ്റലിലാണ് രശ്മി ജോലി ചെയ്തിരുന്നത്.

സംസ്കാരം ഇന്ന് ഉച്ച കഴിഞ്ഞ് രണ്ടിനു വീട്ടുവളപ്പിൽ നടക്കും. വിഷ്ണുവുമായി പണമിടപാടുള്ളവർ ആശുപത്രിയിലെത്തി പ്രശ്നമുണ്ടാക്കുമെന്ന ഭീഷണിയുണ്ടായിരുന്നു. ഇതുമൂലം തൊഴിൽസ്ഥലത്ത് അപമാനിതയാകുമോയെന്ന ഭയമാണ് രശ്മിയെ ആത്മഹത്യയിലേക്കു നയിച്ചതെന്നും പറയുന്നു.

വിഷ്ണുവിന്റെ സാമ്പത്തിക അടിത്തറ തകർത്തത് കുറവിലങ്ങാടുള്ള ബ്ലേഡ് മാഫിയ സംഘവുമായുള്ള ധന ഇടപാടുകളാണ്. കഴിഞ്ഞ ശനിയാഴ്ച ബ്ലേഡ് മാഫിയ സംഘത്തിന്റെ ഭാഗത്തുനിന്നുണ്ടായ സമ്മർദം ശക്തമായപ്പോൾ വിഷ്ണു നേരിട്ട് ഇയാളെ കണ്ടിരുന്നുവെന്നും പറയുന്നുണ്ട്.

ഞായറാഴ്ച വിഷ്ണുവിനെ നാല് പേർ വീട്ടിലെത്തി ഭീഷണിപ്പെടുത്തുകയും മർദിക്കുകയും ചെയ്തതായി കുടുംബാംഗങ്ങൾ പൊതുപ്രവർത്തകരോട് വ്യക്തമാക്കിയിട്ടുണ്ട്. പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ആത്മഹത്യയെന്നു തന്നെയാണു പറയുന്നത്.

വിവാദം വേണ്ട, കൂത്തുപറമ്പ് ഗൂഢാലോചനയിൽ റവാഡക്ക് പങ്കില്ലെന്ന് കെ. കെ. രാഗേഷ്

# പോലീസ് മേധാവിയുടെ വാർത്താസമ്മേളനത്തിനിടെ നാടകീയ രംഗങ്ങൾ; പരാതിയുമായി മുൻ ഉദ്യോഗസ്ഥൻ

തിരുവനന്തപുരം: സംസ്ഥാന പോലീസ് മേധാവിയായി ചുമതലയേറ്റെടുത്ത റവാഡ ചന്ദ്രശേഖറിന്റെ ആദ്യ വാർത്താസമ്മേളനത്തിൽ നാടകീയ രംഗങ്ങൾ. സർവീസിൽ ദുരിതം അനുഭവിച്ചെന്ന് പരാതിപ്പെട്ട് മുൻ പോലീസ് ഉദ്യോഗസ്ഥൻ വാർത്താ സമ്മേളനം നടക്കുന്ന ഹാളിലേക്ക് എത്തി.

മാധ്യമപ്രവർത്തകൻ എന്ന് പരിചയപ്പെടുത്തിയാണ് അദ്ദേഹം ഹാളിലേക്ക് എത്തിയത്. റവാഡ ചന്ദ്രശേഖർ സംസാരിക്കുന്നതിനിടെ അടുത്തേക്കെത്തിയ അദ്ദേഹം 30 വർഷം സർവീസിൽ അനുഭവിച്ച വേദനകൾ എന്നുപറഞ്ഞ് ചില രേഖകൾ ഉയർത്തിക്കാട്ടി. മുഖ്യമന്ത്രിക്കടക്കം പരാതി നൽകിയിട്ടും നടപടിയുണ്ടായില്ലെന്നും താൻ നേരിട്ട ദുരനുഭവത്തിൽ പോലീസുകാർ മറുപടി പറയണമെന്നും ആവശ്യപ്പെട്ടു.

ഇതോടെ, എല്ലാം പരിഹരിക്കാമെന്ന് റവാഡ ചന്ദ്രശേഖർ പറഞ്ഞു. പിന്നീട് അദ്ദേഹത്തെ പോലീസുകാർ അനുനയിപ്പിച്ച് പുറത്തേക്ക് കൊണ്ടുപോവുകയായിരുന്നു. വാർത്താസമ്മേളനത്തിന് ശേഷം ഇദ്ദേഹത്തിന്റെ പ്രതികരണം മാധ്യമപ്രവർത്തകർ തേടിയെങ്കിലും അദ്ദേഹം സംസാരിക്കാൻ തയാറായില്ല.

പോലീസ് മേധാവിയായി ചുമതലയേറ്റതിന് പിന്നാലെയാണ് റവാഡ ചന്ദ്രശേഖർ വാർത്താസമ്മേളനം നടത്തിയത്. സംസ്ഥാന പോലീസ് മേധാവിയാകാൻ അവസരം നൽകിയതിന് മുഖ്യമന്ത്രിക്കും സർക്കാരിനും നന്ദി പറഞ്ഞുകൊണ്ടാണ് അദ്ദേഹം തുടങ്ങിയത്. പൊതുജനങ്ങളോട് പോലീസുകാർ മാന്യമായി പെരുമാറണമെന്ന് അദ്ദേഹം പറഞ്ഞു. മയക്കുമരുന്നാണ് നമ്മുടെ നാട്ടിലെ പ്രധാന പ്രശ്നം. ലഹരി വ്യാപനത്തെ നേരിടാനുള്ള പ്രത്യേക നയം രൂപീകരിക്കുമെന്നും ഗുണ്ടകളെ നേരിടുന്ന പ്രവൃത്തികൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു.

സൈബർ സുരക്ഷയിൽ പ്രത്യേക ശ്രദ്ധയുണ്ടാകും. പൊതുജനങ്ങൾക്ക് നീതി കിട്ടാനുള്ള ശ്രമം ഉണ്ടാകും. സ്ത്രീകൾക്കെതിരായ എല്ലാ അതിക്രമങ്ങളും ശക്തമായി നേരിടുമെന്നും അദ്ദേഹം പറഞ്ഞു.

# വിമാനമാർഗം ശസ്ത്രക്രിയാ ഉപകരണങ്ങൾ എത്തിച്ചു; മെഡിക്കൽ കോളജിലെ ചികിത്സാ പ്രതിസന്ധിക്കു പരിഹാരം

തിരുവനന്തപുരം: മെഡിക്കൽ കോളജിലെ ചികിത്സാ പ്രതിസന്ധിക്ക് പരിഹാരമായി. ശസ്ത്രക്രിയാ ഉപകരണങ്ങൾ എത്തിച്ചു. ഹൈദരാബാദിൽ നിന്നും വിമാനമാർഗം ഇന്നു രാവിലെയാണ് ഉപകരണങ്ങൾ എത്തിച്ചത്. ലത്തോക്ലാസ്റ്റ് പ്രോബ് എന്ന ഉപകരണങ്ങളും അനുബന്ധ സാധന സാമഗ്രികളുമാണ് എത്തിച്ചത്. ഇതേത്തുടർന്ന് മാറ്റിവച്ച ശസ്ത്രക്രിയകൾ പുനഃരാരംഭിച്ചു. മെഡിക്കൽ കോളജ് യൂറോളജി വിഭാഗം മേധാവി ഡോ. ഹാരിസ് ചിറയ്ക്കലാണ് ആരോഗ്യവകുപ്പിനെ നിശിതമായി വിമർശിച്ച് രംഗത്തെത്തിയത്. തന്റെ മകന്റെ പ്രായമുള്ള രോഗിക്ക് ഉപകരണങ്ങളുടെ അഭാവം കാരണം ഓപ്പറേഷൻ വൈകുന്നതും നിരവധി രോഗികളുടെ ഓപ്പറേഷൻ ഉപകരണങ്ങളുടെ അഭാവത്തെ തുടർന്ന് റദ്ദാക്കിയ കാര്യവും ഡോക്ടർ വെളിപ്പെടുത്തിയിരുന്നു. ഇത് ഏറെ വിവാദമായതിനെ തുടർന്നാണ് സർക്കാർ അടിയന്തരമായി ഉപകരണങ്ങൾ എത്തിച്ചത്. അതേസമയം ഡോക്ടർക്കെതിരേ ആരോഗ്യവകുപ്പ് ആദ്യം നടപടിക്ക് ഒരുങ്ങിയെങ്കിലും പൊതുജന പിന്തുണ ഡോക്ടർക്ക് ലഭിച്ചത് കണ്ട് ആരോഗ്യ വകുപ്പ് പിൻമാറുകയായിരുന്നു. ഓപ്പറേഷന് വേണ്ട ഉപകരണങ്ങൾ വാങ്ങണമെന്ന് മെഡിക്കൽ കോളജ് പ്രിൻസിപ്പൽ, സൂപ്രണ്ട് എന്നിവർക്ക് ഏതാനും മാസങ്ങളായി രേഖാമൂലം ആവശ്യപ്പെട്ടിട്ടും ആരോഗ്യ വകുപ്പ് അധികൃതർ ഗൗനിക്കാതിരുന്നതാണ് ഡോക്ടറെ ചൊടിപ്പിച്ചത്. അദ്ദേഹം സോഷ്യൽ മീഡിയയിലൂടെയാണ് ആദ്യം വിമർശനം നടത്തിയത്.

പിന്നീട് മാധ്യമങ്ങളോട് മെഡിക്കൽ കോളജിലെ അവസ്ഥകളെക്കുറിച്ച് അദ്ദേഹം വിവരിക്കുകയായിരുന്നു. ഇതേത്തുടർന്ന് സർക്കാർ വിദഗ്ധരായ ഡോക്ടർമാരെ ഉൾപ്പെടുത്തി അന്വേഷണ സമിതിയെ നിയോഗിച്ചിരുന്നു. ആലപ്പുഴ മെഡിക്കൽ കോളജ്, കോട്ടയം മെഡിക്കൽ കോളജ് എന്നിവിടങ്ങളിലെ വകുപ്പ് മേധാവിമാർ ഉൾപ്പെട്ടവരാണ് സമിതിയിലുള്ളത്. സമിതി തിങ്കളാഴ്ച മെഡിക്കൽ കോളജിലെത്തി വിവരശേഖരണം നടത്തിയിരുന്നു. അതേസമയം ഡോക്ടറുടെ വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ പ്രതിപക്ഷം ആരോഗ്യ വകുപ്പിനെതിരേ രംഗത്ത് വന്നത് സർക്കാരിനെ പ്രതിരോധത്തിലാക്കിയിരുന്നു.

# 'മത–സാമുദായിക സംഘടനകളോട് വിധേയത്വം'; കോൺഗ്രസ് നേതൃത്വത്തെ വിമർശിച്ച് യൂത്ത് കോൺഗ്രസ് പ്രമേയം

ആലപ്പുഴ: കോൺഗ്രസിന്റെ രാഷ്ട്രീയ നേതൃത്വം മതസാമുദായിക സംഘടനകളോട് വിധേയത്വം കാണിക്കുന്നുവെന്ന് യൂത്ത് കോൺഗ്രസ് രാഷ്ട്രീയ പ്രമേയത്തിൽ വിമർശനം. മത–സാമുദായിക സംഘടനകളെ ബഹുമാനിക്കുന്നതിൽ ഉപരിയായി വിധേയത്വം പ്രകടിപ്പിക്കുന്നുവെന്നാണ് വിമർശനം. ഇത് അപകടകരമാണെന്നും പ്രമേയം ചൂണ്ടിക്കാട്ടുന്നു. നെഹ്റുവിന്റെ ജനാധിപത്യ സോഷ്യലിസ്റ്റ് ആശയങ്ങളിൽ വെള്ളം ചേർക്കുന്ന നിലപാടുകൾ എതിർക്കപ്പെടേണ്ടതാണെന്നും രാഷ്ട്രീയ പ്രമേയത്തിൽ പറയുന്നു. സിപിഎമ്മും ബിജെപിയും മാധ്യമങ്ങളും ഉയർത്തി വിടുന്ന മത സാമുദായിക ധ്രുവീകരണത്തിൽ കേരളത്തിലെ കോൺഗ്രസ് നേതാക്കൾ ചെന്ന് വീണു കൊടുക്കുന്നു. വർഗീയതയെ നേരിടേണ്ടത് വിട്ടുവീഴ്ചയില്ലാത്ത മതേതരത്വം കൊണ്ടാണ്. സംഘപരിവാർ അജണ്ടകൾക്ക് മുൻപിൽ സാമുദായിക നേതാക്കൾ പോലും വീണുപോകുന്ന സ്ഥിതിയാണ്. കേരളത്തിൽ യുവാക്കളെ രാഷ്ട്രീയത്തിലേക്ക് ആകർഷിക്കാൻ കോൺഗ്രസ് രാഷ്ട്രീയ നേതൃത്വത്തിന്റെ ശൈലിയിൽ മാറ്റം വേണമെന്നും പ്രമേയം പറയുന്നു. രാഷ്ട്രീയത്തെ സമുദായ വത്കരിക്കുന്നുവെന്നും പ്രമേയത്തിൽ പരാമർശമുണ്ട്. ജാതിമത സമുദായ സംഘടനകൾ സമൂഹത്തിൽ പ്രവർത്തിക്കുന്നതിന് അവരുടേതായ മേഖലകളും പരിമിതികളും തിരിച്ചറിയണം. എങ്കിലേ ഗുണം ചെയ്യൂ. പല സമുദായ സംഘടനകളും രാഷ്ട്രീയത്തിൽ ഇടപെടാൻ അമിതാവേശം കാണിക്കുന്നു. ഇതിന് നിമിത്തമാകുന്നത് മറ്റു പല പ്രേരണകളുമാണ്. കമ്യൂണൽ ആക്ടിവിസം മതേതര ജനാധിപത്യത്തിൽ ഭൂഷണമല്ലെന്നും പ്രമേയത്തിലുണ്ട്.

# ഡിജിപി നിയമനവിവാദത്തിനുപിന്നിൽ രാഷ്ട്രീയ ഗൂഢലക്ഷ്യം: എം. വി. ജയരാജൻ

കായംകുളം: റവാഡ ചന്ദ്രശേഖറിനെ ഡിജിപിയായി നിയമിച്ചത് വിവാദമാക്കുന്നതിനുപിന്നിൽ രാഷ്ട്രീയ ഗൂഢലക്ഷ്യമാണെന്ന് സിപിഎം സംസ്ഥാന സെക്രട്ടറിയറ്റംഗം എം. വി. ജയരാജൻ. സർക്കാരിനെതിരേ എന്തും ആയുധമാക്കാൻ ശ്രമിക്കുന്ന ഒരുകൂട്ടം മാധ്യമങ്ങളും അത് ഏറ്റുപിടിക്കുന്ന പ്രതിപക്ഷനേതാവുമാണ് ഇതിനു പിന്നിൽ. ഇത് ജനം തിരിച്ചറിയുമെന്നും ജയരാജൻ കൂട്ടിച്ചേർത്തു.

സിപിഎം ആലപ്പുഴ ജില്ലാ സെക്രട്ടറിയറ്റംഗവും സിഐടിയു നേതാവുമായിരുന്ന എം. എ. അലിയാരുടെ നാലാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി കരീലക്കുളങ്ങരയിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൂത്തുപറമ്പ് വെടിവയ്പ്പിൽ റവാഡ ചന്ദ്രശേഖറിനു പങ്കില്ലെന്ന് ജുഡീഷൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. സംഭവം നടക്കുന്നതിനു രണ്ടുദിവസം മുമ്പാണ് കണ്ണൂരിൽ എഎസ്പിയായി റവാഡ ചന്ദ്രശേഖർ ചാർജെടുക്കുന്നത്.

സംഭവത്തിൽ ഡെപ്യൂട്ടി കളക്ടർ പി. പി. ആൻറണി, ഡിവൈഎസ്പി ഹക്കിം ബത്തേരി എന്നിവരാണു കുറ്റക്കാരെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വെടിവയ്പിന് ഉത്തരവിട്ടത് പി. പി. ആൻറണിയാണെന്നും റിപ്പോർട്ടിലുണ്ട്. ചുമതലയുള്ള തലശേരി ആർഡിഒയെ ഒഴിവാക്കി ഡെപ്യൂട്ടി കളക്ടർക്ക് ചുമതല നൽകിയതിൽ ദുരൂഹതയുണ്ട്.

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിയായി കേസെടുത്ത് അറസ്റ്റ് ചെയ്ത ജില്ലാ പോലീസ് മേധാവിയായിരുന്ന പത്മകുമാറിന് പിന്നീട് ഡിജിപിയായി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ മാധ്യമങ്ങളുടെ മുതലക്കണ്ണീർ ഉണ്ടായില്ലെന്നും എം. വി. ജയരാജൻ പറഞ്ഞു.

# വിവാദം വേണ്ട, കൂത്തുപറമ്പ് ഗൂഢാലോചനയിൽ റവാഡക്ക് പങ്കില്ലെന്ന് കെ. കെ. രാഗേഷ്

കണ്ണൂർ: ഡിജിപി നിയമന വിവാദത്തിൽ പ്രതികരണവുമായി സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറി കെ. കെ. രാഗേഷ്. കൂത്തുപറമ്പ് സമരം നടക്കുന്ന സമയത്ത് റവാഡ ചന്ദ്രശേഖർ പുതുതായി എഎസ്പി ആയി ചുമതല ഏറ്റതേ ഉണ്ടായിരുന്നുള്ളുവെന്നും ഗൂഢാലോചനയിൽ പങ്കാളിയായി എന്ന് ഒരു തരത്തിലും പറയാൻ കഴിയില്ലെന്നും രാഗേഷ് പറഞ്ഞു.

'ഡിജിപി നിയമനത്തിൽ സംസ്ഥാന സർക്കാരിന് പരിമിതമായ അധികാരം മാത്രമാണുള്ളത്. നവംബർ 23–നാണ് റവാഡ ചന്ദ്രശേഖർ എഎസ്പിയായി ചുമതലയേറ്റത്. വിശദമായ പരിശോധന നടത്തിയത് പത്മനാഭൻ കമ്മീഷനാണ്. രണ്ടുദിവസം മുൻപ് ചുമതലയെടുത്ത എഎസ്പിക്ക് സ്ഥിതിഗതികൾ അറിയില്ലായിരുന്നു എന്നാണ് കമ്മീഷൻ കണ്ടെത്തിയത്. അതുകൊണ്ടുതന്നെ അദ്ദേഹം ഗൂഢാലോചനയിൽ പങ്കാളിയായെന്ന് ഒരു തരത്തിലും പറയാൻ കഴിയില്ലെന്ന് കെ. കെ. രാഗേഷ് പറഞ്ഞു.

ഏറ്റവും ഉചിതമായും നന്നായും സേനയെ നയിക്കാൻ കഴിയുന്ന ആളെയാണ് തെരഞ്ഞെടുത്തതെന്നും കെ. കെ. രാഗേഷ് കൂട്ടിച്ചേർത്തു.

# പ്രോജക്ടുകളിൽ നിയമനം

കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളിൽ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനായി പ്രോജക്ട് സയന്റിസ്റ്റുമാരുടെയും പ്രോഗ്രാമർമാരുടെയും പാനൽ തയ്യാറാക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രോജക്ട് സയന്റിസ്റ്റ് (സ്പേസ് ടെക്നോളജി) 30 ഒഴിവും പ്രോജക്ട് സയന്റിസ്റ്റ് (എർത്ത് സയൻസ്) 25 ഒഴിവും പ്രോഗ്രാമർ 20 ഒഴിവുമുണ്ട്.

പ്രോജക്ട് സയന്റിസ്റ്റ് (സ്പേസ് ടെക്നോളജി) തസ്തികയിൽ ജിയോ ഇൻഫോമാറ്റിക്സ്/ റിമോട്ട് സെൻസിങ്/ ജി.ഐ.എസ്/ ജിയോ മാറ്റിക്സ്/ ജിയോസ്പേഷ്യൽ ടെക്നോളജി എന്നിവയിൽ ഏതിലെങ്കിലുമുള്ള ഫസ്റ്റ് ക്ലാസ് ബിരുദാനന്തര ബിരുദം, റിമോട്ട് സെൻസിങ്/ ജി.ഐ.എസ് പ്രോജക്ടുകളിൽ ഒരു വർഷത്തെ പ്രവർത്തിപരിചയവുമാണ് യോഗ്യത.

പ്രോജക്ട് സയന്റിസ്റ്റ് (എർത്ത് സയൻസ്) തസ്തികയിൽ എർത്ത് സയൻസ്/ ജിയോളജി/ ജോഗ്രഫി/ ജിയോ ഫിസിക്സ് എന്നിവയിൽ ഏതിലെങ്കിലുമുള്ള ഫസ്റ്റ് ക്ലാസ് ബിരുദാനന്തര ബിരുദം, റിമോട്ട് സെൻസിങ്/ ജി.ഐ.എസ് പ്രോജക്ടുകളിൽ ഒരു വർഷത്തെ പ്രവർത്തിപരിചയവുമാണ് യോഗ്യത.

പ്രോഗ്രാമർ തസ്തികയിൽ കമ്പ്യൂട്ടർ സയൻസ്/ ഐ.ടി എന്നിവയിൽ ബി.ടെക്/ബി.ഇ ബിരുദം അല്ലെങ്കിൽ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്/ എം.സി.എ എന്നിവയിലുള്ള ബിരുദമാണ് യോഗ്യത. പ്രോഗ്രാമിങ്ങിൽ (വെബ്, മൊബൈൽ ആപ്ലിക്കേഷൻ നിർമാണം) ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാകണം.

ഉയർന്ന പ്രായപരിധി 36 വയസ് (01.01.2025ന് 36 വയസ് കവിയരുത്). പട്ടികജാതി/ പട്ടികവർഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗക്കാർക്കും നിയമാനുസൃത ഇളവ് ലഭിക്കും. പ്രവൃത്തി പരിചയമുള്ള ഉദ്യോഗാർഥികൾ പരിചയ സർട്ടിഫിക്കറ്റ് (സ്ഥാപനത്തിന്റെ പേര്, തസ്തികയുടെ പേര്, കാലയളവ്, സർട്ടിഫിക്കറ്റ് നൽകിയ അധികാരിയുടെ പേര് ഉൾപ്പെടെ) അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. അപേക്ഷകൾ ഓൺലൈനായി ജൂലൈ 6ന് മുമ്പ www.ksrec.kerala.gov.in ലൂടെ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും.

# ക്വട്ടേഷൻ ക്ഷണിച്ചു

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള എല്ലാത്തരം കളിമൺ ഉൽപ്പന്നങ്ങളും വിതണം ചെയ്യുന്നതിന് പരിചയ സമ്പന്നരായ കളിമൺ ഉത്പാദകരിൽ നിന്നും മേഖലാടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ചു. ജൂലൈ 10 വൈകിട്ട് 3 മണിവരെ സ്വീകരിക്കും. അന്നേദിവസം വൈകിട്ട് 4 ന് ക്വട്ടേഷനുകൾ തുറക്കും. വിശദവിവരങ്ങൾക്ക്: 0471–2727010, www.keralapottery.org.

# പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർഅഡ്വാൻസ്ഡ് പിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരം (04712474720, , എറണാകുളം (0484 2605322). കോഴിക്കോട് (04952356591, 2723666) കേന്ദ്രങ്ങളിൽ ആരംഭിച്ച കേരള ഗവണ്മെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.ടി.ഇ പ്രീ – പ്രസ് ഓപ്പറേഷൻ. കെജി.ടി.ഇ പ്രസ്സ് വർക്ക്. കെജി.ടി.ഇ പോസ്റ്റ് – പ്രസ് ഓപ്പറേഷൻ &ഫിനിഷിംഗ്, 2025–26 കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർഎസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസ്സായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി, എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകുല്യം ലഭിക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത. ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽസർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം അതാത് കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം. വിശദ വിവരങ്ങൾക്ക് കേരള സ്റ്റേറ് സെന്റർഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് &ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പൂന്നപുരം,പടിഞ്ഞാറേകോട്ട, തിരുവനന്തപുരം – 695024.

ഫോൺ: 0471–2474720, 0471–2467728 എന്നവിലാസത്തിൽ നേരിട്ട് ബന്ധപ്പെടണം. വെബ്സൈറ്റ്:www.captkerala.com.

# ചെയർമാന് പകരം ഇനി 'ചെയർപേഴ്സൺ'

ഭരണരംഗത്ത് ലിംഗനിഷ്പക്ഷപദങ്ങളുടെ ഉപയോഗം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 'ചെയർമാൻ' എന്നതിനു പകരം 'ചെയർപേഴ്സൺ' എന്ന് ഉപയോഗിക്കണമെന്ന് നിർദേശിച്ച് ഉദ്യോഗസ്ഥ– ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് സർക്കുലർ പുറത്തിറക്കി.

# വയനാട് ചീരാലിൽ ഭീതിപരത്തിയ പുലി കൂട്ടിലായി

സുൽത്താൻ ബത്തേരി: വയനാട്ടിലെ ബത്തേരി താലൂക്കിൽപ്പെട്ട ചീരാലിലും സമീപങ്ങളിലും ഭീതി പരത്തിയ പുലി കൂട്ടിലായി. നമ്പ്യാർകുന്ന് ശ്മശാനത്തിന് സമീപം വനംവകുപ്പ് സ്ഥാപിച്ച കൂട്ടിലാണ് പുലി കുടുങ്ങിയത്. ഇന്നു രാവിലെ പാൽ അളവുകേന്ദ്രത്തിലേക്കു പോയ ക്ഷീര കർഷകരാണ് കൂട്ടിൽ അകപ്പെട്ട നിലയിൽ പുലിയെ ആദ്യം കണ്ടത്. സ്ഥലത്തെത്തിയ വനസേന പുലിയെ രാവിലെ എട്ടരയോടെ ബത്തേരി ആർആർടി കര്യാലയ വളപ്പിലേക്ക് മാറ്റി. പുലിയെ ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ ഉൾപ്പെടുന്ന സംഘം നിരീക്ഷിച്ചുവരികയാണ്. പുലിയുടെ ദേഹത്ത് പരിക്കുകൾ ഉണ്ടെന്നാണ് സൂചന.

രണ്ട് മാസത്തോളമായി ജനവാസകേന്ദ്രങ്ങളിൽ ചുറ്റിത്തിരിയുന്ന പുലി കൂട്ടിലായത് ജനങ്ങൾക്കും വനസേനയ്ക്കും ആശ്വാസമായി. പശവും ആടും ഉൾപ്പെടെ 12 വളർത്തുജീവികളെയാണ് ഇതിനകം പുലി വകവരുത്തിയത്. പുലിയ പിടിക്കുന്നതിന് നാല് കുടുകളാണ് വനസേന സ്ഥാപിച്ചത്. ഇതിലൊന്ന് നമ്പ്യാർകുന്നിനു കുറച്ചകലെ പൂളക്കുണ്ടിൽ തമിഴ്നാട് വനസേന വച്ചതാണ്.

തമിഴ്നാട്ടിലെ നീലഗിരി ജില്ലയുമായി അതിരുപങ്കിടുന്നതാണ് നമ്പ്യാർകുന്നും അടുത്തുള്ള പ്രദേശങ്ങളും. പുലിയുടെ ദേഹത്ത് പരിക്കുകൾ സ്ഥിരീകരിച്ചാൽ ആവശ്യമായ ചികിത്സ നൽകി സുഖപ്പെടുത്തിയശേഷം ഉൾവനത്തിൽ തുറന്നുവിടുമോ അതോ മൃഗശാലയിലേക്ക് മാറ്റുമോ എന്നതിൽ വ്യക്തതയായില്ല. പുലിയെ മൃഗശാലയിലേക്ക് മാറ്റുന്നതാണ് ഉചിതമെന്നാണ് ചീരാലിലും സമീപങ്ങളിലുള്ള ജനങ്ങളുടെ അഭിപ്രായം.